

# ഗ്രാമീ…
# ശി…

…ഉപാദ്ധ്യായ

13480

13480

# ഗ്രാമീണഗീത

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

എം. എസ്സ്. ബുക്കഡിപ്പോ, കൊല്ലം

# GRAMEENA GEETHA

(POEMS)

*By*

O. NANU UPADHYAYAN

MA-10

Second Impression January, 1961

*Printed at*

SREE NARAYANA PRESS, QUILON

RIGHTS RESERVED BY THE PUBLISHERS

Publishers

M. S. BOOK DEPOT,

QUILON

Price 1.25

# ഗ്രാമീണഗീത

13480

ഒ. നാണു ഉപാദ്ധ്യായൻ

## വിഷയവിവരം.


| | | | പേജ് |
|---|---|---|---|
| പാട്ടുകകിളിപ്പൂൺപേ | .... | .... | 7 |
| മാടത്തിൻ | .... | .... | 9 |
| കിനാവു് | .... | .... | 11 |
| അവന്റെപ്രശ്നം | .... | .... | 14 |
| പേനയോടു് | .... | .... | 16 |
| പൂമടിത്തട്ടിൽ | .... | .... | 19 |
| സന്ദേശം | .... | .... | 21 |
| ഇറങ്ങുകണ്ണേ | .... | .... | 24 |
| നാട്ടുംപുറത്തോടു് | .... | .... | 26 |
| പട്ടണത്തോടു് | .... | .... | 29 |
| രണ്ടു വാക്കു് | .... | .... | 31 |
| കർഷകമന്ദിരം | .... | .... | 35 |
| പാഴ്നിലം | .... | .... | 38 |
| സംശയം | .... | .... | 40 |
| കരയരുതു് | .... | .... | 42 |
| ദിവാചന്ദ്രൻ | .... | .... | 44 |
| നിർത്തു നിത്തു | .... | .... | 46 |
| ക്ഷേത്രപ്രവേശനം | .... | .... | 48 |
| കിളിപ്പാട്ടു് | .... | .... | 51 |
| ഉഴവൻ I | .... | .... | 54 |
| ടി II | .... | .... | 56 |
| ടി III | .... | .... | 58 |
| ടി IV | .... | .... | 60 |
| ടി V | .... | .... | 63 |
| നാണി ജയിച്ചു | .... | .... | 65 |
| പൊന്നോണം | .... | .... | 71 |
| ക്ഷമാപണം | .... | .... | 74 |
| കവിതപറഞ്ഞു | .... | .... | 76 |
| പുഴുവിന്റെകഴിവു് | .... | .... | 78 |
| പോരണേ പോരണേ | .... | .... | 80 |
| കരിയിടല്ലേ | .... | .... | 82 |
| കർമ്മഭൂമി | .... | .... | 85 |
| പുഴയോടു് | .... | .... | 87 |
| 'കരുക്കെന്നേ!' | .... | .... | 89 |
| എനിക്കവയ്യാ | .... | .... | 92 |
| ക്ഷേത്രത്തിൽ | .... | .... | 94 |

## പാടുക കിളിപ്പൂൺപേ!

പാടുക കിളിപ്പൂൺപേ, പാടുക പരിചിൽ നിൻ
ത്രോടിയാം ചെറുവീണ മീട്ടിമീട്ടിയിങ്ങനെ
നീട്ടുററൊരിടനാടൻകുററിക്കാടിതു കുളിർ-
ചൂടട്ടെ നിവിരെ നിൻതേനൊലിഗ്ഗാനങ്ങളാൽ.
പട്ടണവെണ്മേടതൻ പാദത്തിൽ മരതക-
പ്പട്ടാട കാഴ്ച്ചവയ്ക്കുമമ്മറപ്പൂങ്കാവല്ല,
പാടത്തിൻ കെട്ടുനീററിൽക്കാർനിഴൽ നീട്ടും കുറു-
കാടത്രേ കലാസിദ്ധി കാട്ടുവാൻ കൈയ്ക്കൊണ്ടു നീ.
വമ്പെഴും, ഭോഗങ്ങളാൽ ചെടിച്ച ചിത്തത്തിൻെറ
കമ്പനം കാംക്ഷിച്ചല്ല പാടുന്നു പട്ടുവാം നീ.
തപ്തമായ് തണ്മതെണ്ടും സാധുചേതോലക്ഷത്തിൻ
തർപ്പണമത്രേ നിൻെറ ഗാനമോഘനലക്ഷ്യം
അലിവിന്നുറവകളാകവേ തുറന്നൂറി
അലയിലുലഞ്ഞാലും നിന്മൃദുഗീതിപൂരം
എരിതീവെയിൽ ചുട്ടുവരട്ടുമുഴവൻെറ
സിരയിൽ നിറയ്ക്കുന്നു നൂതനം ജീവാമൃതം.

അരിയ കളഭക്കുട്ടിഴകുമമ്മയ്ക്കുമ്പിൽ
ഹരിതപത്രം ചാർത്തുമോമനച്ചെറുമക്കൾ
ഉൾപ്പൊരുൾതിരളും നിൻ പാട്ടുകളേററുപാടി
നിർഭരപ്രേമത്തിന്നു നീർച്ചാലു തെളിക്കുന്നു.

കൊടിയ കുത്തൊഴുക്കുമായടരാടി വെന്നി-
ക്കൊടിപാറിച്ചു മുന്നാഞ്ഞണയും നാവികന്മാർ
പുഴയിലതാ നീളെ നിൻപാട്ടാലഭിമാന-
പുളകംകൊൾവു തൂവെൺവേർപ്പണിച്ചുട്ടമെയ്യിൽ.

കുന്നിൻെറ ചരിവിലക്കൊച്ചോലക്കുടിൽക്കുഴി-
തന്നിൽ മെയ്യുരയോളമാഴ്ത്തിയേകതാനനായ്
മാതാവിൻഗതിനോററുതപിക്കും കുവിന്ദൻ നിൻ
ഗീതാമൃതത്തിൻ ദിവ്യാസ്വാദകൻ വിജയിപ്പൂ!

ശ്രുതിയൊടിടഞ്ഞിടാം നിൻപാട്ടിത,നപദം
ക്ഷിതിയെപ്പൊക്കിപ്പൊക്കി വിണ്ണേററിയില്ലെന്നാവാം.
അതിലില്ലാശാഭംഗം മന്നിതു മന്നാക്കിയാൽ
മതിയിന്നതുതന്നെ ഞങ്ങൾക്കു തുംഗോത്സവം

പാട്ടുക കിളിപ്പൂൺപേ! പാട്ടുക പരിചിൽ നിൻ
ത്രോടിയാം ചെറുവീണ നീട്ടിമീട്ടിയിങ്ങനെ;
പാടവമേറും ഖഗപതികളെത്തിഭയററു-
പാടട്ടെ നിവിരെ നിൻതേനൊലിഗ്ഗാനങ്ങളെ.

## മാടത്തിൽ

കിളിയൻ പുലയന്റെ മാടത്തിൽ കുഞ്ഞോല-
യളിയൻ വൈകിട്ട വിരുന്നുവന്നു;
കളിയായി, ചിരിയായി, ഗുണദോഷംക്കുറലായ്,
അലതല്ലിയവിടെല്ലാം പരമാനന്ദം.
കിളിയൻ വിളിച്ചോതി ദൈവത്താളോ'ടെടീ
അളിയന്റെ വയറിന്റെ ഒടിവു കണ്ടോ?'
ചരതനെല്ലരിയോടൊത്തുരലിന്റെ കടയെല്ലാം
ചിരിയോട്ടചിരിമുട്ടിച്ചിതറിവീണു.
മറുമൊഴിയവൾ ചൊല്ലീ—'ഇവിടിറ്റപ്പച്ചരിയാവും
മറുകലം കരുതെന്റെ പുന്നതക്കാരാ!'
ചുരക്കായിൽ ചെറുതൊന്നും വരിക്കമ്പിലൊരുമൂട്ടം
മുറംമുട്ടെയളിയന്മാർ നറുക്കിക്കൂട്ടി
കുറുമനും കുഞ്ഞിയും വയൽവാരത്തോട്ടിൽപ്പോയ്
കുറിമുണ്ടും കുടവുമായ് പരലരിക്കാൻ
കുറിത്തോട്ടം പൂകിയോരഴകനും കണ്ണനും
നിറകള്ളുമടിയുമായ് പറന്നുവന്നു.

അരിവെന്തു, കറിവെന്തു, മറുകലക്കൊത്ത നിന്നു
പരലടമണം നീളെപ്പുറത്തുപാറി
വരുത്തനും വീടരുമിലവച്ചുനിരന്നൊപ്പം,
വിരുന്തിന്റെ വിധംകേറിപ്പൊടിപൊടിച്ചു
കടലിന്റെ പടിഞ്ഞാറെക്കരെനിന്നു പകലോന-
ക്കുടിലിന്റെ കൂരയിൽപ്പൊന്നുപൂശി;
ചെറുതെന്നൽ തളിർവാഴക്കുളിർക്കൈയിളക്കിയ-
ച്ചെറുമക്കൾ പന്തിയിൽ പങ്കവീശി;
കിളിയൊന്നു മുററത്തു തലയാട്ടും ചോളപ്പൂം-
കുലയിലിരുന്നൊരു പാട്ടുപാടി.
തെരുതെരെച്ചന്തവിട്ടാളെത്തീ റോട്ടൂടെ
ഒരുസാരിക്കാരി കയത്തുപോയി:—
“ഒരുനേരത്തഷ്ടിക്ക കോപ്പുകൊള്ളാനില്ലോരം
തറവാട്ടു വിററാലും തരമില്ലമ്മേ!”

# കിനാവ്

കണ്ടേൻ കിനാവൊന്നു ഞാനിന്നലെക്കുളിർ-
കൊണ്ടുടൻ രോമാഞ്ചകഞ്ചുകം ചൂടിനേൻ;
ചേതസ്സമായ് സിരാബന്ധം പുലർത്തുന്ന
കാത്തുകൾക്കായത്തു കാഴ്ചവയ്ക്കുന്നിതാ:
ചട്ടററ വെൺതരിപ്പൂഴിപ്പുറമ്പിലൊ-
രെട്ടുകെട്ടങ്ങനെ നില്ക്കുന്നു മോഹനം;
പുഷ്കലസത്വമുരുവെട്ടത്തുള്ളൊരീ-
ബ്ഭാർഗ്ഗവക്ഷേത്രസംസ്കാരംകണക്കിനെ.
മുററത്തു നില്ക്കുമിലഞ്ഞിമരക്കൊമ്പി-
ലൊട്ടുക്കു വന്നുനിരന്നു മരുത്തുകൾ.
ആ മഞ്ജുപത്രനശ്രീലാസ്യകേളിയിൽ
പൂമഴപെയ്യുന്നു പുണ്യകുതൂഹലം!
ചന്തം തിരളും നടപ്പുരയും നെടും-
പന്തിപ്പുരയും കടന്നുനടന്നുപോയ്
അങ്കണം പൂകവേ, നാനാരസോന്നിദ്ര-
മംഗലരംഗമൊന്നങ്ങു കൈവന്നു മേ.

വെൺകളിത്തിണ്ണയിൽച്ചെമ്മതിർച്ചെന്നിര
തങ്കത്തകിട്ടു നിവിരെ നിവത്തിട്ടും
പൂമുഖ,മാസ്ഥാനവേദിയ്ക്കിണങ്ങിയൊ-
രാമുഖം, കാണായ് കരംകുളിരുംവിധം;
പൂവിട്ടമെത്തമേൽ തത്ര തൂൺചോട്ടിലായ്
ചാവട്ടചാരിയിരിക്കുന്നൊരു പുമാൻ,
ധന്യമാമത്തറവാട്ടുറവുനേടിയ
പുണ്യമണിയും പുരടമകുടിപോൽ.
പട്ടുറുമാലാൽ ചിബുകവും ശീർഷവും
ചുററിമറച്ചു പൊൻരുദ്രാക്ഷകണ്ഠനായ്
ആയാമവക്ഷോനിടിലവിഭൂതിയായ്
ആജാനുബാഹുവിരിപ്പു വയോധനൻ.
ഉൽക്കനായകണത്തിങ്കലോപ്പാനിച്ചു
നില്ക്കുമത്യുന്നതകായനാമന്യനെ
ഉന്നിയമ്മേദുരകന്ധരമുന്മഥി-
ച്ചുഗ്രാജ്ഞ പൊങ്ങുന്നു പിന്നെയും പിന്നെയും
റാൻമൂളിയും മതഭേദം വിനീതമാം
തേന്മൊഴിയിങ്കൽ പകൻും യഥോചിതം
ആ നയകോവിദൻ വൃദ്ധൻെറ ഹൃത്തട്ടി-
ലായിരമാശയ്ക്കു വിത്തുവിതപ്പുതേ
ചീളെന്നകത്തളത്തിങ്കലണിയിട്ട
ലോലനിഷേധാക്ഷരനിര ഭേദിച്ചു
വട്ടവാതിൽപ്പടിമീതിൽ വെന്നിക്കൊടി
നാട്ടിയൊരു കസൃതിക്കുരുന്നെത്തിനാൻ.

കിങ്കിണിയെക്കാൾ കിലുക്കിച്ചിരിച്ചുകൊ-
ണ്ടങ്കണംനോക്കിക്കുതിയ്ക്കുമക്കുഞ്ഞിനു
മുന്നാഞ്ഞണഞ്ഞ വയോധികബാഹുക്കൾ
പൊന്നുഴിഞ്ഞാലായുലഞ്ഞാടി തെല്ലിട.
പുത്രീമുഖാബ്ജവും ഭാഗിനേയന്റെ സു-
വിസ്തൃതോരസ്സുമിണങ്ങും കുമാരനിൽ
ലക്ഷിപ്പതുണ്ടസ്ഥവിരനേത്രം കുല-
ലക്ഷ്മിതൻ വാസവിലാസരംഗങ്ങളെ
മാറിയരങ്ങിൻവിധ, മുടനേ പടി-
കേറിവരികയായ് വേത്രധരനൊരാൾ.
മുമ്പിട്ടുവന്നു ഗൃഹേശ്വരനെത്താണു
കുമ്പിട്ടു നീട്ടൊന്നു നീട്ടിനിന്നാനവൻ
വെമ്പിയേററത്തിരുനീട്ടുവനമ്രനായ്
തൻപാണിയിങ്കൽപ്പുകന്നപ്രജാമണി
മാറിൽ, മിഴിയിൽ, നെറുകയിൽ ചേർത്തുചേ-
ർത്താരോമൽ ഭാഗിനേയൻ കൈയിലേകിനാൻ
കല്പന വായിച്ചിളമ; പ്രഭുവിന്റെ
കർത്തവ്യശാസനം പാഞ്ഞു ദിശിദിശി;
എമ്പാടുമൊപ്പം മുഴങ്ങി പടയുടെ
വമ്പടഹദ്ധ്വാനഘോഷമനുക്ഷണം
ഞെട്ടിയുണർന്നു ഞാൻ നോക്കിനേൻ തൂവെള്ളി-
വെട്ടംകിഴക്കു വീശുന്നതു കാണായി;
കല്പകത്തോപ്പിൽക്കിളിപ്പാട്ടു കേൾക്കായി:—
"സ്വപ്നം ചിലർക്കു ചിലകാലമൊക്കണം."

# അവൻെറ പ്രശ്നം

പടിഞ്ഞാറേറൽ നാരേണ്ണൻ കേട്ടോച്ചാ, നമ്മൂടെ
പടിക്കൽവച്ചെന്നോട്ട പറകയാണ്:—
'അരമാസംചില പാനമങ്ങോട്ട പോകമ്പോഠം
തിരുവോണമിങ്ങോട്ട വന്നുകേറും.'
തിരുവോണം വന്നെന്നാലവരുടെ വീടെല്ലാം
വരുമണം ചുററീയടിക്കുംപോലും;
കറിവക പലതുമന്നവരുടെയമ്മച്ചി
കട്ടകവരുത്തുനിരത്തുംപോലും.
അവരുടെ സാമ്പാറിൻകഷണമട്ടപ്പത്ത-
ങ്ങവനെക്കാഠം പൊക്കത്തിൽച്ചാട്ടുംപോലും,
പതയരുമെണ്ണയ്ക്കകത്തു മുങ്ങിപ്പൊങ്ങി-
പ്പപ്പടം പൊട്ടിച്ചിരിക്കുംപോലും
കരിമുണ്ടമാറിയന്നവരുടെയമ്മയും
കരവച്ച കോടിയുടുക്കുംപോലും
തിരുവോണമുണ്ണും മുമ്പവരുടെയുള്ളോക്കെ-
പ്പരമാനന്ദംകൊണ്ടു നിറയുംപോലും

വരുമണ്ണം പൊങ്ങാതെ മധുരംതികട്ടാതെ
ഒരുനാളുമില്ലല്ലോ നമ്മൾക്കള്ളോ!
കറിവക നമ്മൾക്കു പരമുച്ഛാരെന്നും നി-
ന്നൊരുന്തുരുക്കുട്ടം വിളമ്പുമല്ലോ.
കസവിട്ട കവണികളണിയറയിൽപ്പോലീ-
യശയൊക്കെയെന്നും നിന്നാട്ടമല്ലോ.
പരമാനന്ദംതരാൻ പിന്നെപ്പോന്നാവണി-
ത്തിരുവോണമേതാണു നമ്മൾക്കള്ളോ?

## പേനയോട്ട്

മൺവെട്ടി ചൊൽകയായ് പേനയോടു:—
നമ്മൾക്കു തമ്മിൽ വിരോധമുണ്ടോ?
മേടപ്പുറംവിട്ട വല്ലപ്പോഴും
പാടത്തോട്ടമൊന്നു പോരണം നീ.
നാവിൽ നിനക്കുടൻ വെള്ളമൂറും
നാനാരസങ്ങളുമുണ്ടവിടെ
ഭൂമയ്ക്കുവേണ്ടി നിയതി നീർത്ത
പൂമെത്തയാണതു പൊന്നുകുഞ്ഞേ!
താഴാത്ത തോളിൽ നിരന്നു ഞങ്ങൾ
തായ്‌വരമ്പേറും പുലരിയായാൽ
ഘോഷയാത്രയതു കണ്ടിട്ടുമ്പോൾ
കോരിത്തരിക്കാത്ത മേനിയുണ്ടോ?
നീററിൽ മുടിയോളം മുങ്ങി ഞങ്ങൾ
ഏററുനിരന്നു വണങ്ങിനില്ക്കേ,
ഉണ്ണിക്കതിരവൻ പൊല്ക്കരത്താൽ
വർണ്ണപ്പട്ടാടയണിയിക്കുന്നു.

വാഴ്വെഴുമുച്ചച്ചൂടുവെയിലിൽ
കല്പകത്തയ്യിൻതണലുപററി
ചായും തലകളെത്താങ്ങുവാനായ്
പോകുന്ന ഞങ്ങൾ വയലരികിൽ.
എന്തൊരാശ്വാസമാണത്തലയിൽ!
എന്തൊരാനന്ദമാണത്തലയിൽ!
ചിന്തതൻതീച്ചൂളയല്ലതൊന്നും
സംതൃപ്തിതൻെറ നിറകുടങ്ങൾ!
ഉച്ചക്കിനാവിലുമൂഴിമാതിൻ
പച്ചവില്ലീസണിപ്പൂവലംഗം
കോരിയിട്ടുന്നു കളിർമുളയ-
ന്നേരിൻെറ നേരററ ക്രൂത്തരങ്ങിൽ.
കഞ്ഞിക്കലങ്ങൾ തലയിലേന്തി,
കുഞ്ഞിനെയമ്പിലെളിയിലേന്തി
ഗ്രാമീണലക്ഷ്മിമാരെത്തുമപ്പോൾ
ഹാ! മോദപ്പാലാഴിക്കോളിളക്കം!
സാരിക്കകത്തു പൊതിഞ്ഞുവച്ച
ക്രൂരിത്തണ്ടെപ്പൊഴും കണ്ടുകണ്ടു
കണ്മംനനൊന്ത നീ കാണുമപ്പോൾ
പെണ്മതൻ പേലവശ്രീവിലാസം!
കുഞ്ഞുട്ടിക്കള്ളിൽത്തുളുമ്പിനില്ക്കും
കഞ്ഞികുടിച്ചു കറികഴിച്ചു
വേലാളനേലുമതൃപ്തി പൂണ്മാൻ
മേലാളനെത്ര പിറവി വേണം!

പട്ടണംകെഞ്ചുന്നൊരന്തിരാഗം
പാടത്തെയോടിവന്നുമ്മവെയ്ക്കും,
പങ്ക തിരഞ്ഞോട്ടും പിഞ്ചുവാതം
പാടത്തു കാവിടിത്തുള്ളിനില്ക്കും.
സന്നമെന്നാലും കൃതാർത്ഥതയാ-
ലുന്നമ്രമായ ചുമലിലേറി
പോരുന്ന ഞങ്ങളെപ്പൊന്നുഷസ്സിൽ
വീണ്ടുമവിടെത്തി മുത്തുവാരാൻ
കാന്തിതൻകന്ദളം കണ്ടുകൊൾവാൻ
ശാന്തിതൻതേനൊലിപ്പാട്ടു കേൾപ്പാൻ
മേടപ്പുറംവിട്ടു വല്ലപ്പോഴും
പാടത്തോട്ടൊന്നു പോരണം നീ.

## പൂമടിത്തട്ടിൽ

ഗ്രാമമാതാവേ ജയിപ്പൂ! ജയിപ്പൂ! നീ
കോമളിമാവിൻ നിറകുടമേ!
ആമോദമാന്നു കളിച്ചുവാഴും നിൻെറ
പൂമടിത്തട്ടിൽ ഞാനെന്നുമെന്നും
ഉണ്ണിക്കതിരവൻ ചെമ്പൊടി ചേരുന്ന,
തെന്നൽക്കുമാരൻ ചുളിയിട്ടുന്ന,
നിൻപച്ചനെല്ലോലപ്പട്ടടയാടയിൽ
നിച്ചലും ഞാൻ കഴൽച്ചേരുതേയ്ക്കും
കുന്നിൻെറ സന്ദേശമേന്തിയെത്തും പുഴ-
ക്കുഞ്ഞു കുളിരിട്ടും നിൻെറ മാറിൽ
ആ വെൺമണൽവിരിച്ചുട്ടയുഴപ്പി ഞാൻ
ആനകളിച്ചു കളിച്ചുനില്ക്കും.
തേന്മാവും കൊന്നയും തെങ്ങും പൂവാകയും
തമ്മിലിണങ്ങിത്തഴച്ചുയരും
വാടിയിൽ മിന്നൽപ്പൊളിയിട്ടു ചെഞ്ചെമ്മേ
പാടിപ്പറക്കും ഞാൻ പൈങ്കിളിപോൽ

താരനിരയും മുകിലണിയുമൊപ്പം
വാരൊളിവന്നു പകൻുവയ്ക്കും
നല്ക്കുളിർപ്പൊയ്കയിൽത്തേനൊലിപ്പൂക്കളെ
ക്കിക്കിളികൂട്ടും ഞാൻ കുഞ്ഞലപോൽ
തെച്ചിച്ചെടി ചെങ്കനിപ്പൊന്നലുക്കണി-
പ്പിച്ചുകടനീത്ത കാവുനീളെ
ഉച്ചനേരത്തുമലാത്തിനില്ക്കും ഞാനെൻ
കൊച്ചുവാതക്കളിത്തോഴനമായ്.
പൈമ്പാലൊഴുക്കുവാൻ പാഴ്പുല്ലുനക്കുന്ന
പൈക്കളെപ്പിച്ചത്തകിടിതോറും
കോലക്കുഴലും വിളിച്ചുവിളിച്ചു ഞാൻ
ചാലെത്തെളിച്ചുതെളിച്ചുനില്ക്കും.
നെല്ക്കുരക്കുന്നിൻെറ താഴ്വരയിലിളം-
വൈക്കോലയവിറക്കിക്കിടക്കും
അമ്മണിക്കുററനെപ്പട്ടുവിലാപ്പുറ-
ത്തുമ്മവച്ചുമ്മവച്ചോമനിക്കും.
ഓലപ്പാനെയ്യും ചെറുമക്കിടാത്തിക്ക
മൂളിപ്പാട്ടിന്നു വകകൊടുത്തു
പീനപ്രതിഭനാം കാവ്യകത്താവിൻെറ
പേനയിൽത്തങ്കമഷി നിറച്ചു
ഗ്രാമമാതാവേ, ജയിപ്പൂ! ജയിപ്പൂ! നീ
കോമളിമാവിൻ നിറകുടമേ!
ആമോദമാൻ കളിച്ചുവാഴും നിൻെറ
പൂമടിത്തട്ടിൽ ഞാനെന്നുമെന്നും.

# സന്ദേശം

തത്തമ്മേ! പോരിക, പോരിക നീ
ഇത്തവ്വിൽപോന്നതു കാര്യമായി.
പാവങ്ങളാസോക്ക് പണ്ടുപണ്ടേ
പൈങ്കിളീ? നീയല്ലോ കൂട്ടുകാരി
കേരളീയന്മാക്ക് പണ്ടുപണ്ടേ
ശാരികേ! നീയല്ലോ പാട്ടുകാരി
ആവണിമാസം പിറന്നുപോയി
മാവേലിയിങ്ങോട്ടു പോരുമിപ്പോൾ
അത്തിരുമേനിക്കകമ്പടിയായ്
ഇ'ത്തൊഴിലാളി' ഇറങ്ങുകയായ്.
എന്തുള്ള സന്ദേശം നാട്ടിനേകാൻ
എന്തോഴീ! നീയതു ചൊല്ലിയാലും
    തന്ത്രോടിപ്പൊൻവീണ മെല്ലെമീട്ടി
പത്ത്രിണിക്കത്തവൾ പാടുകയായ്:—
കാവ്യരസത്തിനകത്തുവച്ചു
കാര്യംപറയാനെനിക്കുമാവും

കാര്യംവന്നാറിനകത്തു പക്ഷേ,
കാര്യപരിസ്സംഘം പുളിച്ചുതേട്ടം
വേലാളനെന്നുള്ള വാക്കു കേട്ടാൽ
മേലാളനേതാണ്ടൊരിക്കിളിപ്പ്.
വേലയെന്നോരാൻ പറഞ്ഞുപോയാൽ
മേലാളൻമുഞ്ഞികൾ കാറുകൊള്ളും
സത്യലോകത്തുകാർ ഞങ്ങൾപോലും
സങ്കടക്കാരാണീ നീതികേടിൽ
നാനാജഗത്തും ചമച്ചുപോരും
നാന്മുഖമൂർത്തിയെയാർക്കു വേണം?
അപ്പാവത്തിന്നൊരു കല്ലുവയ്ക്കാൻ,
അപ്പാവത്തിന്നൊരു പൂവെറിയാൻ
ഭക്തിയുംകൊണ്ടു പരക്കെയോട്ടം
മുക്തിപ്രിയന്മാർക്കു മോഹമുണ്ടോ?
സമ്പാദ്യക്കാരുമായ്ക്കണ്ണെറിയും
സമ്പത്തുകാരിയെ മാറിലേററി
ക്ലേശംവലിച്ചുകിടന്നുറങ്ങും
പാൽക്കടലോന്നെത്ര പൂജ നാട്ടിൽ!
അംബരംകീറുന്നോരമ്പലങ്ങൾ
അമ്മൂർത്തിക്കെത്ര ചമച്ചുപോയി!
വേലയെക്കാലാൽ മെതിച്ചുതള്ളാൻ
മൂലധനത്തെ മുടിയിലേററാൻ
എന്നു തുനിഞ്ഞില്ല മർത്ത്യലോകം?
എങ്ങു തുനിഞ്ഞില്ല മർത്ത്യലോകം?

മാന്തളിർപ്പട്ടാട നെയ്യുവോന്
മാനംമറയ്ക്കുവാൻ മാർഗ്ഗമില്ല,
പോർവെററിക്കൂറപറത്തുവോന്
കേറിക്കിടക്കാനൊരേടമില്ല.
കാർമണ്ണിൽപ്പൊൽക്കല ചാർത്തുവോന്
കാഞ്ഞവെള്ളത്തിനു കാര്യമില്ല.
പൂമേട വാനത്തുയർത്തുവോന്
പേമാരി താങ്ങാൻ കീറോലയില്ല
പാതാളംപുക്ക പൊൻവാരുവോന്
പിച്ചളക്കൈവളപോലുമില്ല.
പാവങ്ങളെയിട്ട പന്തുതട്ടും
ജേതാക്കന്മാരോടു നീ പറയൂ
നീതിയെയുന്തിയിട്ടയലാട്ടും
നേതാക്കന്മാരോടു നീ പറയൂ
പാരിച്ചമർദ്ദനമേറവുപോയാൽ
ചീറിപ്പറക്കും ചെന്തീപ്പൊരികൾ!

## ഇറങ്ങു കുഞ്ഞേ!

ആരും കൊതിക്കും ബിരുദകാരാ!
പാരം കൊഴുത്ത ചെറുപ്പക്കാരാ!
വല്ലാതെ വാടി വരമ്പിന്റെ വക്കത്തു
നില്ലാതെയങ്ങോട്ടിറങ്ങു കുഞ്ഞേ?
ഭാരിച്ച തോലിൻചെരിപ്പിതൊന്നു
ഊരി നീയിങ്ങോട്ടു മാററിവയ്ക്കു
ചേറണിയമ്മവയൽ നിന്റെ കാലിനു
ചേരുന്ന ചെല്ലച്ചെരിപ്പു നൽകും.
ഇപ്പുറംപഞ്ചിന്തൽക്കണ്ണുകമെ-
ന്നപ്പുനഴിച്ചൊന്നു മാററിയാട്ടെ
വൻകുന്നുകേറിവരുന്നു നിനക്കിന്ന്
തങ്കത്തളിരൊളിച്ചുട്ടയുമായ്
പാടത്തു കുട്ടനണഞ്ഞ കാര്യം
പാട്ടിലപ്പൈങ്കിളി ചൊല്ലുകയാൽ
വീട്ടിലുലയുന്ന മൂടുപടം നീക്കി.
നോക്കിച്ചിരിപ്പൂ പുലരിയമ്മ.

ആട്ടും മണിമാലയുമ്മവയ്ക്കും
ആട ചാഞ്ചാടെത്തലകളാട്ടി
നന്ദി പിറവിയെടുത്തൊരിക്കുററന്മാർ
നിന്നെ വിളിച്ചുവിളിച്ചുനില്പൂ!
പേലവക്കൈത്തലം നോവുമെന്നു
പേടിക്കവേണ്ടാ പിതാക്കൾ മുന്നേ
പേണിപ്പിടിച്ച കലപ്പപ്പിടിയിതു
പേനയെക്കാളും മിനുത്തതല്ലോ,
ഇന്നിലച്ചേറെടുത്തോമനേ, നീ
നിൻനെറുകയ്ക്കു കുറിയണിക്കു.
പുണ്യക്കുഴമ്പതു 'ചിത്രർക്ഷ'ദേവൻെറ
പൊന്നടിപ്പാടുപതിഞ്ഞതല്ലോ
കൊച്ചുചെറുമിവച്ചോമനിക്കും
അച്ചെറുകുട്ടയിൽ നോക്കുക നീ
വാരിളംതൈക്കൈയാൽ വേനാടർകോനമ്പിൽ
വാരിവിതച്ച തുമ്മത്തിരിപ്പൂ
കണ്ടത്തിലും വഴികാട്ടുവാന-
ത്തണ്ടലർച്ചേവടിത്തമ്പുരാനെ
തത്തിക്കളിച്ചുകളിച്ചുവന്നിക്കുളിർ-
ത്തൈത്തെന്നൽ നിന്നോടിതല്ലിചൊൽവൂ?
വേർപ്പുണിവൈരം പതിച്ച നിന്മെയ്-
പ്പൊൽപ്പുതക്കം മാറിൽ ചേർത്തുചാർത്തി
ഉൾക്കളം മുത്താൽ നിറയ്ക്കട്ടെ തായ, നീ
നില്ക്കാതെയങ്ങോട്ടുറങ്ങു കുഞ്ഞേ!

13480

# നാട്ടുംപുറത്തോട്ട്

പട്ടണം നാട്ടുംപുറത്തോടോതി:—
പട്ടാങ്ങു തായ പറഞ്ഞതെല്ലാം
തന്നെ മറന്നു മകളെ നോക്കും
തള്ളയാണമ്മച്ചി തക്കമില്ല.
ചെററക്കുടിലിലൊതുങ്ങിയമ്മ
ചെമ്മുടിമേട ചമച്ചെനിക്കു്.
പുട്ടൽമടക്കിൽ മരുങ്ങിയമ്മ
പട്ടണിമെത്ത വിരിച്ചെനിക്കു്.
നേരററ മോടിയിതൊന്നുമമ്മേ!
നേരിലെനിക്കിന്നു മോടിയല്ല.
ആവശ്യത്തിൻെറയതിരുതോണ്ടാൻ
ആഡംബരം നിന്നാലെന്തുചെയ്യും?
ആനന്ദക്കുട്ടിഞാനെന്നു നണ്ണും
ആഹ്ലാദത്തോട്ടിൽ ഞാനെന്നുമെണ്ണും
ഇപ്പുറംപോള പൊളിച്ചകത്തെ-
ക്കയ്പും കറയുമറിഞ്ഞിടാത്തോർ

ഉന്തിയോത്തുയലിലിലുണ്ണിപോലെ
ഹന്ത! ഞാൻ കാറിൽ പറന്നിടുമ്പോൾ
ചിന്തും ചിരിയതടിവയററിൽ
ചിന്തപാററും തീപ്പെട്ടൊരികളല്ലോ.
ഇമ്മണിമേടതൻ മേൽനിലയിൽ
തണ്മവിളയുമെന്നമ്മ ചൊൽവൂ
ഉച്ചിച്ചുഴിയിൽ നെരിപ്പുപോലും
ഉച്ചുച്ചുടലപ്പിശാചിതമ്മേ!
എമ്പാട്ടും വൈരുദ്ധ്യക്കാററലച്ചു
എമ്പാട്ടും നൈരാശ്യക്കാറുരുമ്മി
കൊള്ളിയിട്ടിന്നഭസ്സുഗ്രപാദ-
വെള്ളിടിവെട്ടിവിറച്ചുനില്പൂ.
അങ്കത്തിലമ്മയെടുത്തിരുത്തി
തങ്കത്തളയിട്ട ഞാലിയിട്ട
മഞ്ഞക്കുഞ്ഞാട കോന്തിട്ടുകെട്ടി
കൊഞ്ചിച്ചു കൊഞ്ചിച്ചു വാണകാലം!
നാലുകെട്ടകത്തു, നടപ്പുരയിൽ,
തെക്കിനിമുററത്തു, സർപ്പക്കാവിൽ
വെൺതരിപ്പൂഴിക്കുളക്കരയിൽ
ചിന്തവിട്ടോടിക്കളിച്ചകാലം!
ഏഴരയ്ക്കേററു കുളിച്ചൊരുങ്ങി
ഏടെടുത്തമ്മയോടുമ്മവാങ്ങി
ഏലാപ്പുറച്ചെറുപള്ളിനോക്കി
ഏലാൻ കയറുവാൻ പാഞ്ഞകാലം!

അത്താണിമീതിൽച്ചുമടിറക്കി
ആൽത്തറച്ചോട്ടെത്തുമാങ്ങളയ്ക്കായ്
കണ്ണും കരളും കുളിർക്കെനിന്നു
തണ്ണീർ പകർന്നുകൊടുത്ത കാലം!
അന്നും കളരിമ്പ്ഭഗവതിതൻ
മുമ്പിൽ നിറപറവച്ചുകൂപ്പി
അങ്കക്കതിരെതിർമെയ് ചുഴററി
അങ്കപ്പയററു പഠിച്ച കാലം!
അക്കാലമമ്മേ! ഇനി വരുമോ
ആഹ്ളാദത്തിൻെറ മുഴുപ്പുകാലം!
അക്കാലമമ്മേ! ഇനിവരുമോ
ആനന്ദത്തിൻെറ ചെഴിപ്പുകാലം!

## പട്ടണത്തോട്

നാട്ടുംപുറം ചൊല്ലി പട്ടണത്തോടു–"നീ
ശാഠ്യം കുറച്ചു കുറയ്ക്കു കുഞ്ഞേ!
ഉണ്ണിയാംനിന്നെപ്പുലത്താൻ കണക്കററു
ദണ്ഡിച്ചു ദണ്ഡിച്ചു ഞാൻ വലഞ്ഞു.
കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടുവാനാണു നിനക്കു മോഹം.
തീരെ ക്ഷയിച്ചു ഞാൻ കണ്ണിലൊരുത്തുള്ളി-
ച്ചോരയില്ലാത്തോളെപ്പെററമൂലം
മോടികളൊക്കെച്ചുരുക്കണം, നിന്നുടെ
മോഹിനിയാട്ടം നിറുത്തണം നീ
നന്മയ്ക്കുതകാത്ത നാനാവിധമൊന്നും
നമ്മൾക്കിണങ്ങിയതല്ല പെണ്ണേ!
പെററവൾ ഞാൻ, നീ പിറന്നവൾ; തങ്ങളി–
ലൊട്ടൊട്ടൊരൊപ്പു നമുക്കു വേണ്ടേ?
നമ്മളെ നാലുപേർ കാണട്ടെ, നാം തമ്മി–
ലമ്മയും മോളുമെന്നാരു ചൊല്ലും?

കാറിൽപ്പൂണത്തിൻെറ കാളം മുഴക്കി നീ
താറിട്ടറോട്ടിൽപ്പറന്നിടുമ്പോൾ
തീരെക്കുടുസ്സാമിടവഴിയിങ്കലെ-
ച്ചേറെൻെറ മുട്ടിൽ വിലങ്ങുവയ്പൂ.
ചിമ്മാത്ത വൈദ്യുതദീപപ്രഭ നിൻെറ
കണ്ണിൽക്കനകക്കതിരിടുമ്പോൾ
സന്ധ്യയ്ക്കുറങ്ങും തകരവിളക്കിനെ-
ക്കുത്തിയുണർത്തലാണെൻെറ ജോലി.
പോററിനൊരായയെനിക്കുണ്ടോ? നിന്നുടെ
ഈററില്ലം ചുററും'മിശി'കളല്ലേ?
പൊട്ടപ്പതിച്ചിയൊന്നുണ്ടെങ്കിലഞ്ചെട്ടു
പെറെറന്നതല്ലേ ബിരുദവൾക്കു്?
ആനന്ദരൂപിണി വിദ്യാനടി തെളി-
ഞ്ഞാടുന്നു പാടുന്നു നിൻെറ മുമ്പിൽ
ഞാനൊന്നു നോക്കട്ടെ കണ്ടാലറിയില്ല-
ക്കോണിച്ചു കാർമഷിമുഞ്ഞി പിന്നെ.
ഒന്നൊന്നായെന്തിനിതൊക്കെപ്പറയണം?
ഒന്നു നീതന്നെ നിനയ്ക്കു മോളേ!
ഒററനിലയ്ക്കു നിന്മേട കുറഞ്ഞാലെൻ
ചെററക്കുടിലിലിതുയരുകില്ലേ?

## രണ്ടുവാക്ക്

മംഗളശീലരേ! മാന്ന്യസദസ്യരേ!
ആങ്ങളമാരേ! പിതാക്കന്മാരെ!
വായ്ക്കുമഴലാലിപ്പെണ്ണുങ്ങൾ ഹാ! രണ്ടു-
വാക്കുപറയുന്നു കേൾക്കേണമേ
വീട്ടിൽപ്പൊറുതിമുട്ടിക്കും പരിഷകൾ
നാട്ടിലും വന്നെന്നു തോന്നരുതേ!
പ്രക്ഷോഭണമെന്നും സംഘടനയെന്നും
മൂലധനമെന്നും ലാഭമെന്നും
ഹന്ത തലയ്ക്കു പെരുപ്പുപിടിക്കുമാ-
റെന്തൊക്കെയോ നിങ്ങളൊച്ചവയ്പൂ!
നേരുപറയാമിപ്പെൺപിറന്നോൾക്കതിൻ
സാരങ്ങളൊന്നുമറിഞ്ഞുകൂടാ.
കായുംവയറിനു കാഞ്ഞവെള്ളംതരാ-
നാവുമോ, ആമെങ്കിൽ ചൊല്ലിൻ ചൊല്ലിൻ
മിന്നൽപ്പിണരെന്നും സ്വർണ്ണച്ചിമിഴെന്നും
പുണ്യക്കുഴമ്പെന്നും സ്വർഗ്ഗമെന്നും

പണ്ടൊക്കെ ഞങ്ങളെ വർണ്ണിച്ചുവർണ്ണിച്ചു
പണ്ഡിതന്മാർക്കൊക്കെ വാകഴച്ചു!
ഇന്നത്തെ ഞങ്ങടെ കോലമയ്യോ–നിങ്ങൾ
കണ്ണുതുറന്നൊന്നു നോക്കീടുമോ?
കണ്ണാടിതോററ കവിളിലിപ്പോളൊരു
മുന്നാഴിവെള്ളമൊഴിച്ചുനിർത്താം.
ചേലുള്ള കുന്തളക്കററെല്ലാമെലി–
വാലൊടു കപ്പത്തിനാളയച്ചു.
പണ്ടത്തെയക്കരിംകുവളപ്പൂവേതു
കുണ്ടിലിറങ്ങണം തപ്പിനോക്കാൻ?
നേരിട്ടുതൊണ്ടിപ്പഴത്തോടെതിർത്തതിൽ
കാരട്ടു കാർക്കിച്ചുതുപ്പുന്നിപ്പോൾ.
പന്തെന്നും മാമലയെന്നും വർണ്ണിച്ചവ
പമ്പകടന്നതു കണ്ടോ നിങ്ങൾ?
ഒന്നുണ്ടു ചൊല്ലാം, കൃശോദരിത്വം ഞങ്ങൾ–
ക്കന്നത്തെക്കാളിന്നിണങ്ങുന്നുണ്ടു്.
പള്ളത്തൊലിയും നട്ടെല്ലുമകൽച്ചക–
ളെല്ലാം പറഞ്ഞുതീർത്തൊന്നിച്ചല്ലോ.
കൊച്ചമ്മമാരായകത്തിരുന്നിട്ടല്ലീ
ദുഃസ്ഥിതി ഞങ്ങൾക്കു വന്നതയ്യോ!
എല്ലുമുറിഞ്ഞുമകമഴിഞ്ഞും ഞങ്ങ–
ളല്ലും പകലും പണിയെടുപ്പൂ!
കാക്കകരഞ്ഞു നിലത്തുവീഴുംമുമ്പേ
കണ്ണും ഞവിടിയെണീക്കും ഞങ്ങൾ.

ഒററയെളിയിങ്കലിന്നത്തെത്താങ്ങായ
കൊട്ടപിടിരണ്ടും ചേർത്തണച്ചു,
മറേറയെളിയിങ്കൽ നാളത്തെത്താങ്ങായ
കററക്കിടാവിനെപ്പേറിപ്പേറി
മണ്ടുമകത്തീതെളിക്കുംവഴിയൂടെ
തൊണ്ടുകടവിലേയ്ക്കോടി ഞങ്ങൾ.
തൊണ്ടുകടവിലെത്തോരണയുദ്ധങ്ങൾ
കണ്ടവരാണല്ലോ നിങ്ങളെല്ലാം.
കോച്ചിവലിക്കും തണുപ്പിൽത്തുടയോളം
ചേററിലിറങ്ങണം തൊണ്ടുവാരാൻ.
നൂറിന്നു നൂററമ്പതെണ്ണം മുതലാളി
നേരുണ്ടോ, കൂറുണ്ടോ, സ്വാമ്മൂകണ്ടാൽ?
കീറത്തുണിയാലരച്ചുററിക്കാൽമുട്ടാൽ
മാറുമറച്ചു കുനിഞ്ഞിരുന്നു
കൈയിനെക്കാളേറെ നെഞ്ചിനെദ്ദണ്ഡിച്ചു
വട്ട്യോളം തൊണ്ടുമായ് വക്കാണിപ്പൂ!
ഉച്ചക്കൊട്ടുംവെയിൽ മാററാൻ മുതലാളി
കുത്തിത്തരുന്ന കിട്ടുവുകണ്ടാൽ
ആദിമദ്ധ്യാന്തഹീനബ്രഹ്മത്തിൻ വക-
ഭേദമാണേതുമെന്നാരും ചൊല്ലും!
ഒട്ടുകലത്തായ് ചകിരിച്ചോററിൻപുറ-
ത്തൊട്ടൊട്ടുറങ്ങുന്ന കുഞ്ഞുണ്ണന്നും
ഒട്ടിവലിഞ്ഞ വയറു കാഞ്ഞിറുപാൽ
കിട്ടാൻ കൊതിച്ചു കരഞ്ഞുവന്നാൽ

അമ്മേനി കണ്ണാൽ നനയ്ക്കാം, വറണ്ടമാ–
റെമ്മട്ടവന്റെയകം നനയ്ക്കും?
നിങ്ങളെപ്പെററവർ, നിങ്ങളെപ്പോററിയോർ,
നിങ്ങൾക്കായ് ജീവിതം തീറുവച്ചോർ
ഞങ്ങൾ പെട്ടന്നൊരിറ്റാട്ടു കണ്ടിങ്ങനെ
നിങ്ങളടങ്ങിയിരിക്കയെന്നോ?
സാരിത്തുമ്പാലെ നട്ടറോട്ടു തൂക്കേണ്ടാ,
ഹാരത്താൽ മെയ്യാകെ മൂടിടേണ്ടാ
പൗഡറണിഞ്ഞിട്ടു രംഗമിളക്കേണ്ടാ,
കാറിലിരുന്നു കുലുങ്ങിടേണ്ടാ
ആവതിലുമേറെത്തൊണ്ടറയാം, വയർ
കായാതിരിക്കുവാൻ കഞ്ഞിവേണം.
താരുചുററുന്നവൾക്കുണ്ടുടുപ്പുണ്ടു
ഞാറുനട്ടുന്നോൾക്കു പഞ്ഞമില്ല
വേണ്ടതെല്ലാമുണ്ടു പാനെയ്ത്തുകാരിക്കു
തൊണ്ടുതല്ലുന്നവൾക്കൊന്നുമില്ല.
നിങ്ങടേയമ്മമാർ, നിങ്ങടെ പെങ്ങന്മാർ
ഞങ്ങളകമഴിഞ്ഞർത്ഥിക്കുന്നു.
ഇസ്സഭയ്ക്കുള്ളിലും പിന്നെ വെളിയിലും
ഇക്കാര്യം നിങ്ങൾ മറന്നിടൊല്ലേ!
മംഗളശീലരേ, മാന്യസദസ്യരേ,
ആങ്ങളമാരേ, പിതാക്കന്മാരേ!

# കർഷകമന്ദിരം

തൂമണിക്കണ്ണാടിക്കാന്തിചിന്നും
താമരപ്പൊയ്കയെ നോക്കിനോക്കി,
കർഷകമന്ദിരമൊന്നു നില്പൂ
ഹർഷപ്രകർഷത്തിൻകൂമ്പുപോലെ
മുൽപ്പാടു പാരം പരന്നുനീണ്ടു
നെല്പാടം നീടെഴും കൈകൾപൊക്കി
കൂറൊടിപ്പുത്തനലക്ഷ്മിയാൾക്കു
മാറണിമാലകൾ നീട്ടിടുന്നു.
കയ്യാല ചൂഴും പറമ്പുനീളെ
കൈവളമേററു തഴച്ചിരുണ്ടു
ജീവകച്ചെപ്പു നിരത്തിനില്പൂ
ചീവയും ചേമ്പും ചെറുകിഴങ്ങും.
മാൺപുററ പച്ചക്കുടപിടിച്ചു
മത്തൻ പടർന്നുപടർന്നുകേറി
താഴാതെ ഗോമാതിൻകോവിൽമീതേ
താഴികക്കുംഭം നിരത്തിടുന്നു

ചുററിലും നിന്നിലത്താളമിട്ടു
മുററവും നടമാട്ടം തൈതനിരയെ
രംഭകൾ കൂമ്പാൽക്കുലകുനിച്ചു
ഉമ്മവച്ചുമ്മവച്ചോമനിപ്പൂ.
കായ്നീട്ടി വെണ്ടകൾ കോലടിക്കെ,
മൊട്ടണിച്ചുണ്ട കുണുക്കലയ്ക്കെ,
പാവൽത്തളിർ ചൊടിനീട്ടിനില്ക്കെ,
പൂവിട്ടു വെള്ളരി പുഞ്ചിരിപ്പൂ
തെക്കിനിക്കപ്പുറം തെന്നലാട്ടം
തൈക്കുളിർമാവിൻതണലുപററി
വാച്ചുന്നകത്തഴമ്പാന്ന് കണ്ണും
ചാച്ചുശയിപ്പൂ കൊഴുത്ത കൂററൻ.
ഒട്ടൊട്ടു മുട്ടി മുലകുടിച്ചു
ചുട്ടിപ്പൂവാലാൽ കൊടിപിടിച്ചു
മുററത്തതാ നിന്നു കൂത്തടിപ്പൂ
പട്ടൊളിമേനികൾ പൈക്കിടാങ്ങൾ
മുമ്പിട്ടിരുന്നു മുഖംതലോട്ടും
അമ്പുടയോളാം ഗൃഹേശ്വരിയെ
ചെമ്പിപ്പശുവതാ നക്കിനക്കി
തൽപ്രേമസാരം പകർന്നുകൊൾവൂ!
മങ്ങൽതീണ്ടാത്ത സമൃദ്ധിതന്റെ
രംഗമിളക്കമീ നർത്തനത്തിൽ
കൂട്ടമകൃത്രിമമാമഴകിൻ
കൂലമിടിക്കുമിക്കുത്തൊഴുക്കിൽ

കണ്ണുകുളുർത്തു മനംകുളുർത്തു
കോൾമയിർച്ചുട്ടയണിഞ്ഞണിഞ്ഞു
പുല്ലായിലൊട്ടൊന്നു ചാഞ്ഞിരിപ്പൂ
പൂമുഖത്തങ്ങൊരു പുണ്യമൂർത്തി.
തോഷിക്ക തോഷിക്ക കർഷകാ! നിൻ
തോഷമേ തോഷമീയൂഴിയിങ്കൽ
ആയത്തസിദ്ധിയാമങ്ങു പണ്ടേ
ഈയാർഷനാട്ടിന്റെ നേട്ടമെല്ലോ!

# പാഴ്നിലം

‘അമ്മ വരുന്നെടീ അമ്മ വരുന്നെടീ!
അങ്ങേവരമ്പേലൊരൊച്ചകേട്ടു.’
ആത്തുപറഞ്ഞാൾ കടകയ്യൂലമ്മയെ-
ക്കാത്തു കാലേറെക്കഴച്ച പൈതൽ.
മുററം വറുതി ചവച്ചാഞ്ഞുതുപ്പിയ-
മട്ടിൽ മണ്ടിക്കടെകയ്യൂലെത്തി
പൊട്ടവിളക്കിനു കാവലായ് കൊട്ടിലിൽ
ക്കുത്തിയിരുന്ന കിടാങ്ങൾ മൂന്നും.

അന്തിയാവോളം പണിഞ്ഞ കയറുമായ്
അന്നത്തെയഷ്ടിക്കു കോപ്പുവാങ്ങാൻ
പോയ്വരുംതള്ളയെ നോക്കിനില്പായ് പിഞ്ചു-
പാവങ്ങൾ നീണ്ട കഴുത്തുനീട്ടി-

ചൊന്നാളിളയോ—“ളെനിക്കമ്മ മേടിക്കു-
മിന്നൊരുകാശിനു കപ്പലണ്ടി”.
ഉണ്ണിയടുത്തവൾ ചൊല്ലിനാ—“ളിത്തിരി
പ്പിണ്ണാക്കു ഞാനിന്നെടുത്തുതിന്നും.”

ആണായിട്ടോതിനാൾ മററവൾ "കൊച്ചൊരു-
ചീനിയെടുത്തു ഞാൻ ചുട്ടതിന്നും."
മൂത്തവൾ മന്ദം മൊഴിഞ്ഞു—"രണ്ടാമത്തു
മൂട്ടണം തീയിനിക്കെട്ടടുപ്പിൽ."

തങ്കരൾക്കുള്ളിലും ക്രൂരിരുൾ പാഞ്ഞൊരു
പെൺകോലമെത്തീ നടയ്ക്കലപ്പോൾ
"അമ്മച്ചി! അമ്മച്ചി"—ഉൾക്കുളിർക്കുന്നല-
യുമ്മറത്തോളമിരച്ചിരമ്പി.

വട്ടിവാങ്ങിച്ചാളൊരുത്തി,യതിനുള്ളി-
ലെട്ടുകണ്ണോന്നിച്ചു ചെന്നുചാടി.
മുന്തിയരിച്ചു, കൈനപ്പിയൊപ്പം, വിറ-
കൊണ്ടൊരിളംകൈകൾ മാറിമാറി.
എല്ലാം വെറുംശൂന്യ,മെല്ലാം വെറുംശൂന്യം
ഇല്ലാശ നട്ടതപ്പാഴ്നിലത്തിൽ.
"എന്തമ്മേ!"—പൊട്ടീ കുരുന്നിടനെഞ്ചുകൾ,
തൊണ്ടയിടറിപ്പറഞ്ഞു തള്ള:
"തൊണ്ടുവിലയങ്ങെടുത്തു മുതലാളി
ഉണ്ടൊരുചക്രം കടമിനിയും!"

ചെററയിളക്കി നെടിയ്ചുഴലി ഹാ!
പൊട്ടമണ്ണെണ്ണവിളക്കണഞ്ഞു.
ദുർന്നീതിമൂട്ടും കൊട്ടുംതമസ്സിൻ ചുരു-
ളൊന്നായഴിഞ്ഞക്കുടിലിൽ വീണു!

# സംശയം

പററിയ പള്ള പറയുകയായ്
വിഡ്ഢിവയരോടൊരു ദിവസം:—
അങ്ങുന്നിനോട്ട ചോദിച്ചറിവാൻ
അഞ്ചാറു സംശയമുണ്ടെനിക്ക്
കാണമത്തുണ്ടല്ലോ തലയെന്നൊരു
കാമ്യാംഗമങ്ങയെപ്പേറുവോന്
ഞാനൊട്ടിനില്ക്കുമിക്കോമരച്ചാ-
ക്കാമട്ടിലൊന്നു മുകളിലുണ്ടോ?
വായെന്നപേരിലതിൻെറ മുമ്പിൽ
നാവെന്ന പേരിലതിൻെറയുള്ളിൽ,
രണ്ടംഗമുള്ളതിൻലാഞ്ഛനമീ
മണ്ടന വല്ലതും കാണ്മാനുണ്ടോ?
ഒട്ടുമുകളിലൊരു തുടിപ്പ്
ഒച്ചവച്ചെന്നെയലട്ടിടുന്നു.
അങ്ങുന്നിനോളമകന്നുനിന്നാ-
ലായൊച്ച പിന്നെയലച്ചിട്ടുമോ?

അങ്ങയുടെ പിമ്പേ നടക്കുവോക്ക്
അങ്ങയെയങ്കത്തിലേററുവോക്ക്
മാഹാത്മ്യമേകുവാൻ തക്കതാകും
മന്ത്രമെന്തോന്നങ്ങേപ്പക്കലുള്ളു?
അങ്ങന്റെ മുന്നിട്ടുനിന്നുകൊണ്ടാൽ
അപ്പൊഴേ കിട്ടും ഗണപതിതാ ം.
പൂജയും മുമ്പേ ലഭിക്കുമാരെ-
പ്പൂജിച്ചങ്ങിസ്സിദ്ധി കൈയ്യിലാക്കി?
നട്ടെല്ലിനോടെന്നുമൊട്ടിനിന്നാൽ
കഷ്ടതയാണനുഭൂതിയെന്നു്
നാട്ടിൽ നടക്കുമീ നാണിയത്തിൽ
ഒട്ടെങ്കിലും പരമാർത്ഥമുണ്ടോ?

# കരയരുത്

അരുതരുതു, നെട്ടിപിടിച്ചു നീയിങ്ങനെ
കരയരുതു കരയരുതു പൊന്നുകുഞ്ഞേ!
വിരിമലർ മനോഹരം നിൻമുഖം കണ്മണീ!
ചെറുചിരിനിലാവുലാവേണ്ടതല്ലീ?
കരിയിലകിലുങ്ങിടുംകാററടിച്ചാൽ, മരം
കരിനിഴൽ പരത്തും നിലാവു വീണാൽ
കരളവിടെയൊക്കെയുലഞ്ഞുപോയാലയ്യോ!
കരയുവതിനല്ലാതെ നേരമുണ്ടോ?
നിറമണിയണിക്കുഴൽ പമ്പരം പീപ്പിയും
നിറമുടയ പന്തും പളുങ്കുചെപ്പും
കരമിതു മുകന്നിടാൻ, ചോരിവായുണ്ണുവാൻ
ത്വരയൊടിഹ ചുററും കിടക്കയല്ലീ?
കളർബകുളമഞ്ജുളമാലയാൽ മാൺപെഴും
ഗളമുകുളമാരാലലങ്കരിച്ചു
ഒളിവിൽ മിഴിനീട്ടുമിപ്പാവക്കിടാവിനെ-
ത്തെളിവിനൊടു വാരിപ്പുണർന്നുകൊള്ളൂ.

വളർതളികയിൽത്തരും ചൂടുപാൽ ചോറുമുരു-
ക്കളിരുളമോമനത്തേൻകനിയും
തളിരുടലിലമ്മ രോമാഞ്ചമണിയുമാ-
റിളയവരൊടൊത്തിരുന്നുണ്ടുകൊള്ളൂ.
കളകളമതിത്തങ്കണംനീളെനിന്നിളം-
കളിവിരുതുകാട്ടുമിത്തോഴരോടു
കലഹമിടക്കൂട്ടരുതുണ്ണിനീയച്ഛനും-
ക്കളമതിലിതൊന്നേ വിചാരമുള്ളൂ-
അരുതരുതു നെട്ടിപിടിച്ചു നീയിങ്ങനെ
കരയരുതു കരയരുതു പൊന്നുകുഞ്ഞേ
വിരിമലർമനോഹരം നിന്മുഖം കണ്മണീ!
ചെറുചിരിനിലാവുലാവേണ്ടതല്ലീ?

# ദിവാചന്ദ്രൻ

മുററും പുലർവേള വന്നതറിയാതെ
വെട്ടം കിഴക്കു പരന്നതറിയാതെ
വിണ്ണിൻവഴിയിൽ കുറുക്കേകിടക്കുന്നി-
ത്തുണ്ണിപ്പിറയുറങ്ങീടുകയോയിവൻ?
കുഞ്ഞേ! എണീക്കു കുളുർമ തിരണ്ട നിൻ
കുഞ്ഞിക്കവിൾത്തടു വാടിവിളർത്തുപോയ്.
ചേറും പൊടിയും പുരണ്ടിതാ നിന്നിലും-
മാറുമൊളികെട്ടു മങ്ങിവശായിതേ.
ആരുമൊരുത്തുണയില്ലാതെ കേവല-
മീരാജപാതയിൽ നിന്നെ വെടിഞ്ഞുപോയ്
നിന്നമ്മ പാവമിരവവളോരുകി-
ലിന്നിതിലേതുമപരാധിനിയല്ല.
ഏഴയവൾ പണിക്കപ്പുറമെത്തേണ്ടൊ-
രൂഴമാണിപ്പോൾ അരുതു പിഴയതിൽ
പുത്രവാത്സല്യം! വെറും പാഴ്ച്ചരക്കത്തു
നിർദ്ദയമാകും നിയമവിപണിയിൽ.

ചെല്ലമാംനിന്നെപ്പിരിഞ്ഞപൊഴുതവൾ
അല്ലലാൽ വീർത്താൾ, തണുത്തുവിളറിനാൾ,
ബാഷ്പനീരോലോലെ വാർത്താൾ; സുഖസ്വാപ-
മഗ്നമാംലോകമറിഞ്ഞീലതൊന്നുമേ.
വായ്ക്കുമിടരാൽ നിന്നെത്തിരിഞ്ഞൊന്നു
നോക്കുകയല്ലൊരു വാക്കുചോദിക്കില്ല
എത്രനീയിങ്ങു കിടക്കിലുമിക്കാഴ്ച
പുത്തരിയല്ലാ,ത്ത ലോകമെന്നോമനേ!
ദൂരെക്കിഴക്കു ചെകിട്ടപൊടിപെട്ട-
മാറു കേൾക്കുന്നു രഥഘരനിർഘരം
ഉല്ലുണ്ഠഭാസ്സാം വികർത്തനമൂർത്തിതൻ
സ്വച്ഛന്ദയാത്രയ്ക്കു മാർഗ്ഗംകൊടുക്ക നീ
ചീറിയണയുമത്തേരുരുൾ നിന്നുടൽ
നൂറുനുറുങ്ങായ് മുറിച്ചിങ്ങെറിഞ്ഞിടാം.
കാര്യവിചാരം ചുറ്റും മഹാഭ്രമിയിൽ
കാരുണ്യവിത്തു മുളനീട്ടുകില്ലെടോ!
നേരെനടന്നാച്ചരിവിറങ്ങീട്ടുകിൽ
ചാരെ നിനക്കു കാണാമ്മിരും തായയെ
ചാരുകരംനീട്ടിയോടിയെത്തും നിന്നെ
വാരിയെടുക്കുമഖിലം മറന്നവൾ.
വാരൊളിചിന്നുന്നനിന്നെയണച്ചമ്മ
ക്രൂരിരുൾനീങ്ങിത്തെളിഞ്ഞ മുഖവുമായ്
നിലച്ചുയങ്ങുള്ള വ്യവസായഖിന്നക്ക്
ചീക്കും കുളിരാഴി കുന്നലതല്ലിട്ടം.

# നിർത്തൂ നിർത്തൂ

എന്തോർത്തു കുചേല, നീ മുട്ടുന്നു? നിറഭൂതി
ബന്ധിച്ച പടിയിതു നിനക്കായ് തുറക്കയോ?
അന്ധകനാണോ, പിച്ചതെണ്ടിയെ മാറിൽപ്പേറി
മഞ്ചമേററുവാൻ മഹാനിങ്ങെഴും ലക്ഷ്മീപതി?
കാർണ്ണ്യത്തിൻകഥപോലുമറിഞ്ഞതല്ലക്കായം,
കാലിക്കോൽ കരുതൽവിട്ടും തൊട്ടതല്ലക്കൈകൾ.
കാടോടിച്ചുള്ളിതെണ്ടിത്താടിക്കാരനു നല്കി
നേടിയതല്ല വിലപ്പെട്ടൊരാ വിദ്യാധനം.
കാന്തന്റെ കടമിഴിയിളകുംമുമ്പു താല-
വൃന്തം കൈകൊണ്ടു വീശി നിൻതാപംകെടുത്തുവാൻ
വെമ്പിപ്പോന്നാകാലികജരിതപ്പരിഷതൻ
മുമ്പാകെ നടമാടും കുലടശ്രീയിങ്ങില്ല.
തെണ്ടിതൻപാദോദകം പാവനതീർത്ഥംപോലുൾ-
ക്കൊണ്ടു കാൽത്താർത്ഥ്യംകോലും സ്വാമിയെക്കണ്ണുചിമ്മി
കുമ്പിടാൻ—സ്വാഭിമാനം ഞെരിച്ചു തൊഴുകൈയിൻ
തുമ്പിൽനിർത്തുവാൻ—മുഗ്ദ്ധഭൃതകരില്ലിങ്ങാരും.

ഘോരമീരത്നാകരം കോളുകൊണ്ടലറുമ്പോൾ
നീരന്ന പാഴ്ത്തോണ്ടയിൽപ്പതറും നിൻഞരക്കം
കാതിലെത്തുകയില്ല കരളിൽപ്പതിയില്ല
നീതിക്കും നിർത്തുനിർത്തു നിൻവ്യഥായാസം സാധോ!

## ക്ഷേത്രപ്രവേശനം

പ്രത്യേകമെല്ലാരുമോർത്തു കേൾപ്പിൻ
പ്രക്ഷോഭണത്തിനു കാലമായി
എത്രയും ഗൗരവമുള്ളൊരഭിനവ-
ക്ഷേത്രപ്രവേശനപ്രക്ഷോഭണം!
ക്ഷേത്രങ്ങളൊക്കെയവർണ്ണവർഗ്ഗം
മാത്രമടക്കിബ്ഭരിക്കയെന്നോ!
പാടില്ല, പാടില്ല, പാടവമുണ്ടെങ്കിൽ
പാടേയകററണമീയനീതി.
അംബ, ഹലധരക്ഷേമകർത്രീ,
അംബ, ചക്രായുധപ്രീതിദാത്രീ,
അംബ, വൃഷദ്ധ്വജപ്രാണഭർത്രീ പാക്കി-
ലാഴ്ത്താനാക്ഷതാൻ സേവ്യയല്ല!
ചെന്നു മതിൽക്കുപുറത്തു നിന്നു
കുന്നിച്ചു കണ്ണൊന്നുഴിഞ്ഞുകൊണ്ടാൽ
അന്നപൂർണ്ണേശ്വരിതൻ മുഴക്കാപ്പണി-
പ്പൊന്നൊളിമെയ്യുഴകെത്രകാണാം?

ഒട്ടുമകംതെളിയാതവർണ്ണൻ
നീട്ടിയെറിയും പ്രസാദലേശം
കഷ്ടമേ! കഷ്ടമേ! കൈയേററ പൗരുഷം
കെട്ടുകഴിവൂ! 'സവർണ്ണലോകം'
ഊരായ്മയുണ്ടെന്നുറച്ചിരുന്നാൽ
പോരായ്മ മേലിൽപ്പലതുമുണ്ടാം.
ക്ഷേത്രാവകാശം വിലക്കി വൈകാതിനി
സ്സ്വാർത്ഥവിദ്വാന്മാർ വിധിയെഴുതും.
ആഗമമെന്തെന്നറിഞ്ഞിടാത്തോൻ
ആരാധനയ്ക്കു തുനിഞ്ഞമൂലം
വീര്യംക്ഷയിച്ചുള്ള ദേവിയിൽ നാട്ടാർക്കു
വിശ്വാസമയ്യോ! കുറഞ്ഞുപോയി.
വൈദികവിദ്യാനികേതനത്തിൽ
വൈഭവം നേടിയ വൈദികന്മാർ,
ചൊല്ലേറാണ്ട സാവർണ്ണ്യസൗവർണ്ണസമ്പന്ന-
രൊക്കെ വികർമ്മവിധേയരായി.
കാഞ്ചനദീപം തെളിച്ചുവച്ചു
കാലേ ജലസേകമാർചിച്ചു
ചാരുനൈവേദ്യമർപ്പിച്ചു പൂജിക്കിലേ
കാരുണ്യമൂർത്തീശ്വരിക്കുദിക്കൂ.
മംഗല്യപാണികളായ് സവർണ്ണ-
മംഗലാപാംഗിമാർ മാനിനിമാർ
ജാഥയായ് പോകണം പോകണം ക്രൂസാരെ
ഭ്രൂതസവിത്രിയെപ്പൂജിക്കുവാൻ.

വീൺപൊരുൾപ്പാട്ടുകൾ കേട്ടുകേട്ടും-
ക്കാനുമൊടിച്ചു ജഗജ്ജനനി
ഇന്നും കലരട്ടെ ശബ്ദാത്ഥസൗന്ദര്യ-
സമ്പന്നമാം നതിഗീതികളാൽ.
ഭൂതിവിഭൂഷിതഗാത്രരായി
പൂണ്ണകാഷായിതവസ്ത്രരായി
കൈങ്കര്യമമ്മയ്ക്കുചെയ്യും സവണ്ണരെ-
ക്കൺകുളിരെക്കാണാൻ കാലമായി.
പ്രത്യേകമെല്ലാരുമോത്തുകേൾപ്പിൻ
പ്രക്ഷോഭണത്തിനു കാലമായി
എത്രയും ഗൗരവമുള്ളൊരഭിനവ-
ക്ഷേത്രപ്രവേശനപ്രക്ഷോഭണം!

## കിളിപ്പാട്ട്

ശാസ്ത്രകാരൻ:— പാടുംപറവേ, പറയൂ, നിൻ
പാട്ടിനു പൊരുളെന്താകുന്നു?

അന്തിക്കതിരോനലകടലിൽ
ചെന്തീ ചിന്തും നേരത്ത്
ചെമ്മുതിർ മാനത്തങ്ങെങ്ങും
ചെങ്കൊടി പാറും കാലത്ത്
പാൽമണൽ പുഞ്ചിരിതൂകീടും
പാടത്തിന്റെ വരമ്പത്ത്
പുത്തൻ പൂങ്കാറുണ്ടായിട്ടും
തൈത്തെങ്ങോലത്തുമ്പത്ത്
പാടുംപറവേ, പറയൂ, നിൻ
പാട്ടിനു പൊരുളെന്താകുന്നു?

പണ്ടേ നീയിപ്പാട്ടല്ലോ
പകലും രാവും പാടുന്നു;
പറയുക, മുന്നോട്ടെന്തോ,രാ-
പ്പദമൂന്നാൻ നീയാളല്ലേ?

കിളി:— അല്ലല്ലാ! തേന്പുഴയിൽ
കല്ലെറിയും നീയാരപ്പാ!
ശാസ്ത്രപ്പുഴവേ, നിൻപക്കൽ
കൃത്രിമമല്ലാതെന്തുള്ളു?

താണെങ്ങുമർത്ഥം വാരാൻ
താറുമുട്ടത്തു നടക്കും നീ
അപ്പുഴവക്കത്തെ—പ്പുൽക്കുടിൽമുററത്തു
പുത്തരിയുണ്ണിന്റെ—മുത്തുപിടിച്ച—
[പറക്കൊച്ചൻ

കിണ്ണം കൊട്ടും പെങ്ങടെ മുമ്പിൽ
കിങ്ങിണിയാട്ടിത്തുള്ളുന്നു;
അക്കൊട്ടി,ന്നത്തുള്ളലി—
നർത്ഥം പറയു തിരുമണ്ടാ!

ആക്കാണും കോമാവിന്റെ
അററത്തെക്കൊമ്പത്തു്
ഞാൻ കൊത്തിത്തേന്തും—
ഞാന്നാട്ടി മണം പാറും
അക്കനകക്കനി കണ്ടോ നീ? അതി—
നർത്ഥം പറയു തിരുമണ്ടാ!

മുന്നേററം! മുന്നേററം! തന്നി
യഴകിന്നെന്തേ മുന്നേററം?
കുന്നടിവാരത്തലർവനിനീളെ—
ക്കളിരിട്ടോടും പൂഞ്ചോല.

പെരുമീൻകൂട്ടൻ പിച്ചനടത്തി–
ക്കിഴമലയേററം പുലർവേള,
വാർഷികമേളയിൽ വാനിൽത്തൂങ്ങും
വാർമഴവില്ലിൻ മണിമാല;
മുന്നേററം! പാമരീയഴകിൻ
മുഴമയ്ക്കെന്തേ മുന്നേററം?

# ഉഴവൻ

ജ്ഞാനവിജ്ഞാനങ്ങളില്ല, ലോകത്തിൻെറ
ന്യായസൂത്രത്തുമ്പിലേതും പിടിയില്ല;
ഞാനൊരു നാടനുഴവനാണു, ണ്ടഭി-
മാനമെനിക്കപ്പവിത്രപദവിയിൽ.
ഉണ്ണിയാംവെള്ളി കിഴക്കു പാറക്കൊട്ടും-
കുന്നിൻമുടിയെക്കതിരണിയിക്കവേ
എന്നെക്കുലുക്കിയുണത്തുന്നു കത്തവ്യ-
കർമ്മാവബോധം കളിത്തോഴനെന്നപോൽ.
ചെമ്പൊൻനടുവിലുദിപ്പതും ഗോപതി
ചെഞ്ചോരയിൽക്കുളിച്ചസ്തമിക്കുന്നതും
നിശ്ചിന്തനായ് കണ്ടു ചേറണിപ്പാടത്തു
നിച്ചലും നിന്നു പണിയെടുക്കുന്നു ഞാൻ.
'വന്മെഴും ത്യാഗം! അതുമുമ്പിൽ; അല്പമാ-
മെൻപ്രശ്നം! ആയതു പിമ്പിൽ;' ഈയിംഗിതം
തണ്ടിൽ വിലങ്ങെ നുകംവച്ച തോളത്തു
താങ്ങും കലപ്പയാൽ കാട്ടി ഞാനാദരാൽ

കിങ്ങിണിയാട്ടുന്ന ക്രൂററരൊത്തന്തിയാ-
മമ്മയ്ക്കുകമ്പടിയായ്യ,ടൽ കൈക്കൊണ്ട
ചാരിതാർത്ഥ്യംപോലെ പോന്നണയും സ്നേഹ-
പൂരം വഴിയുമെൻ കൊച്ചുവസതിയിൽ
ഉന്മുഖരാക്കമൊറില്ലാരെയുമെൻെറ
മൺപുര, പക്ഷേ,യതിൻെറ പാഴ്ത്തിണ്ണയിൽ
ചായുംപൊഴുതു പതഞ്ഞുപായും ജീവ-
പീയൂഷമെൻെറ വരണ്ട സിരകളിൽ.
ആ നന്മണൽവിരിപ്പാടക്കരയിലും
ചാണകച്ചാററാൽ തളിച്ച തളത്തിലും
ചേണാന്ന യജ്ഞവാടം ചമയ്ക്കുന്നു മൽ-
പ്രാണാധിഭർത്ത്രിയാം മൂവുദ നിത്യവും.
ഞാൻ നട്ട കൊയ്തതപ്രേമസമ്പൃപിണി
താനമ്പിൽ വച്ചുവിളമ്പിനിന്നീടവേ
ആനന്ദമാഹന്ത വീർപ്പുമുട്ടിക്കുന്നു
ഞാനല്ലി സാക്ഷാൽ സുമനഃസുധാശനൻ?
ഉത്തുംഗചിന്തയിൽ മുട്ടിമുരടിച്ച
മസ്തിഷ്കമേതും മതിക്കയില്ലെങ്കിലും
പ്രത്യഗ്രമാം പല പ്രശ്നശരത്തിനും
പ്രത്യസ്ത്രമാണെൻ നിരാർഭാടജീവിതം.

# ഉഴവൻ 2

കുഞ്ഞിപ്പൂലരിയുണർന്നുകഴിഞ്ഞീല,
മഞ്ഞിൻവെളളിയട മാറികഴിഞ്ഞീല,
അങ്ങതാ നിൽപ്പൂ പരന്ന പാടത്തിൻെറ
പൊങ്ങിയ താഴ്വരമ്പത്തു തനിച്ചൊരാൾ.
ചട്ടയും തൊപ്പിയും പാപ്പാസുമില്ല, കാൽ-
മുട്ടുകൾ കുന്നിച്ചു തുമ്പുചുംബിക്കുന്ന
തോർത്തൊന്നുടുത്തു തലവഴി മെയ്യൊരു
ധോത്തിയാൽ മൂടിപ്പുതച്ചു നില്പാണവൻ
തങ്കരലാളനമേററു തഴച്ചുതും-
തങ്കക്കതിർമുടി ചൂടിയ നെല്ലുകൾ
വിണ്ണിൻെറ പുഞ്ചിരിച്ചാർത്തിൽ തെളിയുന്ന
പൂർണ്ണോത്സവം കൊതിച്ചെത്തിയതാണിവൻ
പാടംവിരിച്ച പൂമഞ്ചവിരിപ്പിലെ-
മ്പാടും നടമാടുമോമൽസമൃദ്ധിയിൽ
ഉല്ലളൽസ്വർഗ്ഗീയസൗവർണ്ണസിദ്ധിയിൽ
ഉള്ളമലിഞ്ഞുനിന്നീടുകയാണിവൻ

മേന്മേൽ തലചാച്ച നെല്ലുകറ നിഷ്പന്ദ-
രമ്യമുറത്ത് ങ്ങമിപ്പാടത്തണയവേ
തമ്മിൽ പുന്നന്ന്വള്ളികളുറങ്ങും തൻ്റെ
മൺപുരത്തിങ്ങ മറന്നിരിക്കാമിവൻ
താമ്പ്രമ്പിൽ കതിരാൽ കഴൽകെട്ടി വീ-
ണാവലാതിക്കാർ ചിലർ നെട്ടികാട്ടവേ
പാവനപ്രേമനിലീനനായ് തൻ ചര-
ഭാവവും പക്ഷേ, മറന്നിരിക്കാമിവൻ
വെല്ലു! കൃഷീവലാ, വെല്ലുങ്ങളെയെച്ചേത്തു
പുലക്കുന്ന പുലക്കുന്ന പുഷ്കലഭ്രതികറ
അങ്ങു കൊതിക്കും കലോത്സവത്തിന്നതാ
രംഗമൊരുക്കിക്കഴിഞ്ഞു വിഭാവസു.

## ഉഴവൻ 3

ഉഴവൻ, ഞാനൊരു തന്നിനാട-
നുഴവ,നന്തിയും പുലരിയും
പകലും രാത്രിയും കണക്കിന്നേ
പഴമയും കാത്തുകിടപ്പവൻ
പുഴയും, പാടവും, മടയും, പൂം-
പൊഴിലും, കൈച്ചാലും, വഴിക്കാലും,
മണലും, കുന്നടിക്കുറുങ്കാട്ടിൻ
തണലും, കൊട്ടിലും, മരക്കാവും
നടവഴിപ്പഴങ്കിണറ,മ്മൻ-
നട,യത്താണിയും, കളിത്തട്ടും
ഇടചേരും വെറും പഴഞ്ചനാ-
മിടനാട്ടിങ്കലെക്കുടിക്കാരൻ!
പരമാത്ഥം പക്ഷേ പറയാം ഞാൻ;
പതറിപ്പോകില്ലെൻ മിഴി തെല്ലും
പുരപ്പുകിട്ടിന്റെ നിറക്കോളിൽ,
പുരോഗമനത്തിൻ പുറന്താളിൽ,

ളുത്തുകളിലെല്ലാമൊരുപോലെ
വിയർപ്പു മൊട്ടിട്ട നിറംകൊള്ളും
തന്നതിരുപംമെയ്യിലവൻ കാണ്മൂ
തനിയഴകിന്റെ തെളിവെട്ടം.
കരിക്കൊഴവാൽ ഞാൻ രസംചിന്തെ
കുറിക്കും ത്യാഗത്തിൻ വരികളിൽ
അരുണൻ തങ്കച്ചാറൊഴുക്കുമ്പോൾ
അഴകിൻ തേന്മഴയലവെട്ടം.
ഘനരുചിരമെൻ ചെറുപാടം
കനിവിൻജീവക നിറകൊള്ളും
കനകച്ചെപ്പണിക്കതിരിട്ടാൽ
കവിതയ്ക്കായിരം മുളപൊട്ടും.
പുത്രമേ നീ നല്കും പൊരുളാട്ടെ
പുരോഗതിക്കു ഞാൻ പുറകിൽത്താൻ
അരങ്ങിൻമേന്മയിലൊരുപങ്കു-
ണ്ടണിയറക്കാര,ന്നതുപോരും.

## ഉഴവൻ 4

ഉഴവൻ, തന്നിനാടനുഴവൻ ഞാന,ക്കൊച്ചു
പുഴതൻ വക്കത്തൊരു മൺപുര കാണുന്നീലേ?
അഴകും സന്തോഷവും ശാന്തിയുമിടതിങ്ങി
വഴിയുമതാണെൻെറ വസതി പണ്ടുപണ്ടേ.
പിറകിലക്കാണാകുമരുമച്ചെറുകുന്നിൻ-
ചരിവിൽ കുളിരണിസ്സസ്യങ്ങൾ വിരിക്കുന്ന
ഹരിതനീരാളത്തിലൂടെ നിത്യവുമെഴ--
ന്നരുളംവൂ നാകീയശ്രീയാവെറുംമണൽക്കൊട്ടിൽ.
കനിവിൽ ജഗദംബ വെൺപൊടിയിട്ട കുഞ്ഞി-
ക്കവിളിൽപ്പുനിവെള്ളമേലുമതൈത്തവാഴകൾ
ആവലാതിക്കാരി,രുംപ്പുതപ്പു മെല്ലെമാററി
ആവേലചെയ്യോളിച്ചു പുലർവേളയെപ്പററി
അവൾക്കു കാലേ കുലനാമ്പു പൊന്തിയാൽ, ക്രമ്പു-
കനിഞ്ഞാൽ പടലകൾ വിരിഞ്ഞാൽ, പൂപൊഴിഞ്ഞാൽ
കാകർനിമ്പുള്ളി പൂണ്ടാൽ, ചെമ്പുറംകൊണ്ടാലെൻെറ
കേവലാനന്ദത്തിൻെറ പടികളാരും തീർന്നു!

തേമ്പഴമാട്ടിയാട്ടിയുമ്മറമുററത്തതാ,
മാൺപെഴം മാങ്കുട്ടന്മാർ നില്ക്കുന്നു, പോക്കഞ്ഞിക്കായ്.
വെമ്പിയെത്തും ഞാനെന്നെത്തന്നെയും മറക്കുന്നു
തൺപെഴമവരുടെ തണലിലണയുമ്പോൾ.
'ചിലപ്പനങ്ങ്ണാനെന്നെക്കൊഞ്ഞണംകുത്തുന്നപ്പോ!'—
ചിലപ്പോളമ്മാഞ്ചോട്ടിലന്യായപ്പെട്ടുമൊരാൾ;
എനിക്കു ഖേദമുണ്ട്, 'പ്രതി'യെക്കൂടെ വാരി–
യെടുത്താശ്ലേഷിപ്പാനെൻ മാറിടം വിരിഞ്ഞില്ല!
എന്പുറംപ്രാണങ്ങളങ്ങുണ്ടു രണ്ടുപേർ: എൻെറ
മൺപുര വൈജയന്തമാക്കും കാമദോഗ്ധ്രികൾ:
ചെമ്പിയും, പൂവാലിയും; കറവമാറാറായി
ചെമ്പിക്കു, നിറചനക്കാരി പൂവാലിയിപ്പോൾ.
അക്കരെ നീണ്ടനീലപ്പുൽത്തകിടിയിൽ മററു
പൈക്കളുമായി മേയാൻ പൂവാലി പോകാറില്ല;
ഉഴലോടവൾ കിടപ്പാണെൻെറ വാമാംഗത്തിൻ
തഴുകലേററിലഞ്ഞിത്തണലിൽ മിക്കവാറും.
എന്മകൾ ശാന്ത, ലീല ചെമ്പിക്കു കുലതന്തു
തമ്മിലെന്തൊരു കൂട്ടാണക്കൊച്ചു കൂത്താട്ടക്കാർ!
ചെമ്പിതൻ മുലയവരൊത്തുണ്ണും, ലീലയ്ക്കും ത–
ന്നാ ൧൨ യെക്കൊണ്ടു ശാന്ത ചാന്തുപൊട്ടണിയിയ്ക്കും.
പന്തിയിൽ പിലാവെൻെറ 'തേങ്കാളി'യിട്ട പച്ച–
പ്പന്തലുണ്ടാററിൻവക്കിൽ, ഞാനതിൽ വിശ്രമിക്കും.
അന്തി ശീകരപരിഷിക്തയായെത്തിയേക–
മന്തരുത്സവമെനിക്കോമനക്കിളിപ്പാട്ടാൽ.

പാട്ടുമത്തരംഗിണി പർവ്വതപദംവിട്ടു
പാഞ്ഞെത്തു,മിടയിടെപ്പാറകൾ തടഞ്ഞതും,
വാടിയിൽ പൂവിട്ടതും, പവിഴക്കതിർമാല
പാടത്തെച്ചൂടിച്ചതും ഭാവസുന്ദരമായി.
എത്രമോഹനമെൻെറ ജീവിതം, പക്ഷേ,യിരുപ-
ത്താത്തിൻെറ പുരോഗതിയിങ്കൽ ഞാൻ പുരാവസ്തു!
അത്തലില്ലതിൽ, നൂനം മിന്നുമെൻമൺകൊട്ടിലു-
മൾനഗ്നനാം ഞാനും നാളത്തെ വെളിച്ചത്തിൽ!

# ഉഴവൻ 5

കേവലം നാടനുഴവനാകുന്നു ഞാൻ
സേവനമാണെൻെറ ജീവിതൈകവ്രതം;
പാവനമാകുമധർമ്മസിദ്ധിക്കെൻെറ
ജീവനെപ്പോലും ബലിനല്കിടുന്നു ഞാൻ
കുഞ്ഞിപ്പുലരിയമർത്തിച്ചിരിച്ചെത്തി
മഞ്ഞുനീർത്തുള്ളി തളിച്ചുണർത്തുംമുതൽ
കാർമെയ്യിതന്തിയിൽ ജീവിതാധീശ്വരി
കായവെള്ളത്താൽ കഴുകുന്നതുവരെ
താവുംതണുപ്പിലും പാടത്തവിശ്രമം
തൂവേർപ്പുചാലുകൾ നിർമ്മിക്കയാണു ഞാൻ
ഈവിരി വിശ്വസിരാസഹസ്രങ്ങളിൽ
ജീവചൈതന്യതരംഗങ്ങൾ പായുവാൻ
പാവം കുടുംബിനി മാണ്ടുറങ്ങീടവേ
പൈതലിൻ പൂങ്കരബന്ധവിമുക്തനായ്
പാഴ്കന്ഥചുററി ഞാൻ മൂകലോകത്തിൻെറ
പൈദാഹശാന്തിക്കിറങ്ങുമേകാകിയായ്

നിത്യമാമിമ്മഹാപ്രസ്ഥാനരംഗിയിൽ
നിഷ്ഫലമാണു ചരിത്രമെന്നാകിലും
കാവ്യമറച്ചുറച്ചാണു നിറംചേർത്തു-
കാണമതെന്നാകിലും സിദ്ധാർത്ഥനാണു ഞാൻ
വിന്യസിക്കും നറുംബീജമഴകിൻെറ
പൊന്നൊളിചീശിപ്പ് ഫലം പെറുവോളവും
കാക്കണു കണ്ണിമയ്ക്കാതെ കാര്യജ്ഞനായ്,
കാലാതിഗനാം കലാകാരനല്ലി ഞാൻ!
നല്ലതു വേർതിരിച്ചുൾക്കൊള്ളുവാനെൻെറ
നെല്ലുകൾക്കുണ്ടു വെളിച്ചവും വീര്യവും;
കൊള്ളിയൊന്നോലയിൽ വീണാലഴലുന്ന
കൊള്ളിയാനേററപോലെന്നുടലാകവേ.
പാടത്തു പച്ചയുടുപ്പിൻെറ കാലത്തു
പാടലച്ചട്ടയ്ക്കിടം കൊടുക്കില്ല ഞാൻ;
ചൂഴവും ചുമ്മാ വളരും കളകടെ
ചൂഷണത്തിന്നു വളംവയ്ക്കയില്ല ഞാൻ.
ചേററിലും നീററിലും പിച്ചനില്ക്കുമ്പൊഴും
ചെങ്കതിർചൂടിസ്സമൃദ്ധി തേടുമ്പൊഴും
തമ്മിൽ പുണരും മുകരു,മൈക്യത്തിൻെറ
സമ്മുഗ്ദ്ധവീചികളാണു മദ്വ്രീഹികൾ.

## നാണി ജയിച്ചു

നാട്ടടനീളം തീപ്പൊരി പാറി
നാണിയൊരിമ്മി കുലുങ്ങീല.
നാത്തൂൻപോലും വകൊടി പേറി
നാണിയനങ്ങാൻ പോയില്ല.
നാട്ടുപ്രഭുത്വം കവിളംവീപ്പിച്ചു
നാണിക്കവിടെക്കണ്ണില്ല.
നാണയമവിടെ ചിലത്തു ചിലമ്പു
നാണിക്കവിടെക്കാതില്ല.
കാറുകവിട്ടിയ ഖദർജ്ജുബാക്കാർ
കോറപ്പുഴുപോൽ തലനീട്ടി
നടയിൽത്താറീ, തിണ്ണയിലേറി,
നാണിക്കകമേ ചിരിയൂറി.
പാതിരിയച്ചൻ കുശലംതേടീ,
സ്വാമിജി മുററത്തെഴുന്നള്ളീ,
നമ്പൂരിശ്ശൻ ചാരിനടന്നു,
നാണിക്കകമേ വെറീവന്നു

ഒരുജാതിക്കാർ ശാഖ കലുക്കീ
കരയോഗിക്കു മനസ്സിളകീ,
ജ്ഞാനിക്കാകെസ്സംശയമായീ
നാണിക്കതു ബഹുരസമായീ.
മാടം മേടകളൊക്കെയിരുണ്ടു,
മൈതാനങ്ങളിലിടിവെട്ടീ,
നാടൊന്നാകെ കീഴ്മേൽമറിഞ്ഞു
നീണിയൊരേയൊരു നിലനിന്നു.

## 2

വോട്ടിൻപിറന്നാ,ളോമനനാള-
ന്നാട്ടിൻ പെരുനാൾ വന്നെത്തീ.
നാളതിനള്ളൊരു പൂക്കാലത്തേ
നാണിയുണർന്നു കിളിപോലെ.
ഉടലിലവൾക്കന്നവളറിയാതൊരു
ഘനഗംഭീരിമ കളിയാടീ.
പറവപ്പാട്ടിൽ, പൂപ്പുഞ്ചിരിയിൽ,
പവനക്കുഞ്ഞിൻ കുഴലൂത്തിൽ,
പുകയുടെപോക്കിൽ, പൂമ്പൊഴിൽനോക്കിൽ,
പുതിയൊരു പൊരുളവൾ കണ്ടെത്തീ.
വാനവെളിച്ചം വീണുതെളിഞ്ഞൊരു
വയലേലച്ചെന്താളുകളിൽ

കരുണംകവിയും, കരളുപുകയ്ക്കും
കഥ പലതന്നവർ വായിച്ചു.
ചൂളംകുത്താതക്കരെ മഞ്ഞും
ചൂടിയുറങ്ങീ തൊഴിൽശാല,
'ഭാവി കിനാവിൽ കാണുകയാണവർ'—
ഭാവന നാണിയിൽ നാമ്പിട്ടു.

3

നാണിയൊരുങ്ങിയിറങ്ങീ,യക്കഥ
നാത്തൂൻപോലുമറിഞ്ഞില്ല.
കുഞ്ഞിപ്പുകലോൻ നുതലിലവൾക്കൊരു
കുങ്കുമതിലകക്കുറി ചാർത്തീ.
കടകയ്ക്കരികേ കടിഞ്ഞൂൽ ചെങ്കുല
കാട്ടിക്കൊണ്ടും തൈത്തെങ്ങു്
ചിക്കംമൂടിയിൽ തിരുകിയവൾക്കൊരു
ചക്കരയുമ്മസ്സമ്മാനം.
ഇടവഴിയൂടെ നടന്നു നാണി
ഇടനാട്ടിന്നുൾച്ചൊടിപോലെ.
നട്ടുറോട്ടേറി നടന്നു നാണി
നാഗരികതയുടെ കൊടിപോലെ.
അഴകുമതിക്കും കണ്ണിന്നു നാണിയൊ-
രലയിലുലാവും കളിയോടം.

ആറംറാഞ്ചികളുടെ കണ്ണിനു പൊണ്ണവ-
ളാളിച്ചീറും തീനാളം!
ചൊറിയാപ്പിടലി ചൊറിഞ്ഞേമാൻെറ
പിറകേക്കൂടിയ ചേവന്മാർ,
വാരാച്ചിരിയൊട്ട കൊച്ചമ്പ്രാൻെറ
വാലേത്തൂങ്ങിയൊരടിയാന്മാർ,
അറിയാഗ്ഗ്ണ്ടായ്ക്കുവസരമോമ്മി-
ച്ചുളിയൻചമയും മടയന്മാർ
തക്കംനോക്കും കുടിനേതാവിനു
താറുപിടിക്കും മൂഢന്മാർ
നാണംകെട്ടോരപ്പരിഷയ്ക്കും
നാണിയെയങ്ങനെ കണ്ടപ്പോറം
കുനിവുഞെരിക്കും മനുജതയുള്ളിൽ
കുമിളയിട്ടുംപോൽ തോന്നായീ.

## 4

'നാണി വരുന്നൂ, നാണി വരുന്നൂ'—
പോളിങ്ങ്സ്റ്റേഷനിലാരാവം.
നാണിയണഞ്ഞൂ, മിന്നിപ്പാഞ്ഞു
പോളിംഗ്സ്റ്റേഷനൊരാവേശം.
ഉരുകൈക്കൊണ്ടൊരു തൻേറടംപോൽ
പൗരിപ്പൂൺപവറം മുന്നേറീ;

പരിണതമാമപ്പെണ്ണമയുടനേ
പൌരുഷമടവേ വഴിമാറി;
മുറപോൽ സമ്മതിപത്രംനേടി
ചെറുചിരിവെട്ടത്തതു നോക്കി
കുളിരാൽ പെൺകൊടിയണിയുകയായി
പുളകമനോജ്ഞപ്പുതുചട്ട.
ചിന്തിക്കുകയായ് നാണി—'ഇതെന്തൊരു
ചിന്താമണിയോ ഭഗവാനേ!
അക്ഷരമില്ലാത്താരുണ്ടിതിലെ-
ന്നത്ഭുതസിദ്ധികൾ കുടികൊൾവൂ!'
മാറിലണച്ചവളപ്പൊന്നാരം
നെറുകയിൽവച്ചാ നവരത്നം.
പൂകിയുള്ളറ—പുതുലോകത്തിനു
ഭൂതികൾവിതരും മഖശാല.
'പൂർണ്ണസമത്വം, സാഹോദര്യം,
പൂർണ്ണിമതേടിയ സ്വാതന്ത്ര്യം'—
തോന്നീ നാണി—'ക്കിതുതാൻ നമ്മുടെ
പൂർണ്ണത്രയിയുടെ ഗർഭഗൃഹം'
'കുണ്ഠിതം വേണ്ട, കുതന്ത്രം വേണ്ടാ,
കുരുതിത്തേവൽ നടത്തേണ്ട
കല്പിച്ചവളി—'തു നമ്മുടെ സാക്ഷാൽ
വിപ്ലവശക്തിശ്രീകോവിൽ!'
പേശലചിഹ്നം പേരും സ്വന്തം
പേടകസഖിയുടെ ഹൃദയത്തിൽ

തന്നകതളിർപോൽ പെൺമണിയോമൽ-
സമ്മാനിപത്രികയർപ്പിച്ചാൾ.
ചിത്രംകൊണ്ടെച്ചെല്ലത്തിന്നൊരു
മുത്തംവച്ചവൾ വിരമിച്ചു;
'നാണി ജയിച്ചു! നാണി ജയിച്ചു!'
ഗൗളി തുലാത്തിൽ ശബ്ദിച്ചു.

# പൊന്നോണം

കപ്പൽ കവിട്ടും വക നീളെ-
ക്കാത്തുനടക്കും ഭ്രാതാവേ,
ഉഴലും നിന്നെ വിളിക്കുന്നു ഞാ-
നുഴവൻ നിങ്ങടെ മലമൂടൻ
പാടപ്പുക്കത്തക്കാണും
പച്ചക്കാരൻ കുന്നിന്റെ
അപ്പുറമാകുന്നെന്നുടെ മൺപുര,
അത്രടമൊന്നു വരേണം നീ.
കരളുശിർകൊണ്ടു തുടിക്കുമ്പോൾ,
കരമതിനൊത്തു ചൊടിക്കുമ്പോൾ,
വിഭവസമൃദ്ധി തുളുമ്പിത്തൂവും
വിധമവിടാകെക്കാണും നീ.
എന്തൊരു രസമാ മലമൂട്ടിൽ!
എന്തൊരു സുഖമച്ചെറുവീട്ടിൽ!
തന്നാണെന്നാണെന്നുംകുന്നും
പൊന്നോണത്തിൻ പൊടിപൂരം!

കരിമൺതറയീ ഞാൻ തൊട്ടാൽ
കറവപ്പശുവായ്ത്തീരുന്നു;
കാലം കൊതിയാൽ കുതികൊള്ളും കുറു-
കന്നുകിടാവായ് മാറുന്നു.
ചിങ്ങപ്പുത്തരി, കക്കടക-
ക്കണ്ണൻചേമ്പും, കുളമീനും!
അവർ മൂർത്തികൾ മുമ്പിൽ വരുമ്പോ-
ളമൃതാശനനായ് മാറും ഞാൻ.
മത്തൻ, ചെമ്പയർ, പുതുചേന:
മർത്ത്യിതരന്നിവരൊന്നിക്കും;
വലതുവശത്തപ്പിരിയാമുന്നണി
വന്നാലെന്തൊരു സുഖമെന്നോ!
ചുട്ടനീരാടിക്കാന്താരി-
ച്ചുട്ടിണികുത്തിക്കുറിതൊട്ടു
കപ്പക്കള്ളനൊരുങ്ങിവരുമ്പോൾ
കന്നിപ്പെണ്ണും കണ്ണെറിയും.
കുഞ്ഞുതുലാക്കാർ വിൺതട്ടിൽ
കുട്ടുകുട്ടുകളികൊണ്ടിടയുമ്പോൾ
വെള്ളക്കാച്ചിലുമൊത്തു തളത്തിൽ
വെള്ളിവിരിക്കും ചിരിയാൽ ഞാൻ
ഇനിയവൾ കാർത്തികയെത്തുമ്പോൾ
ഇടിയുടെ കോളൊട്ടൊഴിയുമ്പോൾ
ഭൂഗർഭസ്ഥർ കിഴങ്ങിനമെൻ നെടു-
തുശനിലയ്ക്കൽ സഭക്കൂട്ടം.

നേന്ത്രചെമക്കും മാർകഴിയിൽ,
പഞ്ഞപ്പുല്ലിൻ മകരത്തിൽ
മുതിരച്ചോറെൻ പുന്നെൽച്ചോറിനു
പുതുചെഞ്ചുട്ടയണിക്കുന്നു.
കുംഭം മീനം മേടങ്ങൾ!
കുളിരുമെനിക്കാ മാസങ്ങൾ!
'പരിശം' കൂടാനണ്ണാക്കണ്ണൻ
വരുമന്നെൻെറ പിലാംതോപ്പിൽ.
നവതേന്ത്രവും 'കണ്ടകി'യിൽ
കരുഞാറന്നു കടത്തുമ്പോൾ
പേണണമെന്നെക്കവിഹൃദയത്തിൽ
പേനയിറക്കും ദോഷജ്ഞർ.
മാരിക്കാറാൽ ദിക്കെങ്ങും
മാനത്തമ്മ മറയ്ക്കുമ്പോൾ
പേത്തുമകത്തെൻ ചരതമുറിക്കു
പേററിൻനോവു തുടങ്ങുന്നു.
മാങ്ങാത്തിരയും പൈന്തേനും
മധുവിധുകൊള്ളും മഴനാളിൽ
മധുനകരുകയല്ലുഴവൻ ഞാൻ തന്നി–
മധുരിമയായിച്ചമയുന്നു.
എന്തൊരു രസമാ മലമൂട്ടിൽ
എന്തൊരു സുഖമച്ചെറുവീട്ടിൽ
തന്നാണൊന്നാണൊന്നുംകുന്നും
പൊന്നോണത്തിൻ പൊടിപൂരം!

## ക്ഷമാപണം

ചോദിക്കയായ് ക്ഷമ വേധാവോ"ടൂഴിയിൽ
ഏതൊരു ദിക്കിൽ സുഖമായ് വസിക്കാവൂ?"
കണ്ണട മാററി മിനുത്ത കഷണ്ടിയിൽ
മന്ദം തലോടിപ്പറഞ്ഞാൻ പിതാമഹൻ:
'ഏമ്പക്കമാകും വിസിൽവിളി കേൾക്കിലും
സംഭാരവട്ടം തുടങ്ങാത്തൊരുണങ്ങു
ക്രുക്കുംവലികൊണ്ടു നീതിയെ രാപ്പകൽ
പോക്കുവിളിക്കും പണക്കാരനുവേണ്ടി,
തങ്കുടലുണ്ണും വിശപ്പിൻെറ തൊണ്ടയെ
മങ്കരിനീരാൽ നനച്ചു ജിതശ്രമം
പാടത്തുനിന്നു പണിയെടുക്കും ശുദ്ധ-
പാവം തവ സുഖവാസായ മന്ദിരം.
വമ്പത്തമേറും കുടുംബഭാരം വെറു-
മെൺപത്തിനാലുപണത്തിലും, തന്നുടൻ
മാനുഷനെന്നതു നട്ടെല്ലിനാൽതീർത്ത
കാവടിയെന്നു പറഞ്ഞുപരത്തുന്ന

ജൂബയ്യൂകത്തുമൊത്തുക്കുന്ന ഗ്രാൻറുസ്റ്റ്ക്ക്-
വാദ്ധ്യാർ തവ സുഖവാസായ മന്ദിരം.
ആഴ്ചപ്പതിപ്പുകാ, രാണ്ടുപതിപ്പുകാർ,
താഴ്ചഭാവിക്കുന്ന വായനശാലക്കാർ,
മീററിംഗുകാർ, സ്മാരകക്കാർ, മഹാഘോഷ-
യാത്രാലഹരിക്കാർ, കല്യാണവീട്ടുകാർ
ഇങ്ങനെയിങ്ങനെ ആയിരംപേരുടെ
ഇംഗിതമൊററയിരുപ്പിനു സാധിച്ചു
'കൊള്ളാം' 'ബലേ' 'ഭേഷ്' 'അഹോ!' 'മതി'
['ഹാ' 'പങ്കു-
കൊള്ളണേ' ഇത്യാദി വേദനവ്യംപററി
കോട്ടുവായിട്ടുനടക്കുമിടക്കവി-
ക്കൂട്ടം തവ സുഖവാസായ മന്ദിരം!'

# കവിത പറഞ്ഞു

....................എന്നെത്തേടിയാരും
ഘനപഥം താണ്ടിപ്പറന്നിടേണ്ടാ.
ഉഴവനൊന്നിച്ചു ഞാൻ വാഴ്കയത്രേ
പുഴവക്കത്തക്കാണും മൺപുരയിൽ.
പകലക്കിഴക്കൻമലമുകളിൽ
പവിഴപ്പൂത്തുമുള നീട്ടിടുമ്പോൾ
ഉണരും ഞാനുള്ളിൽ തനിപ്പകപ്പായ്
ഉഴവനുയർത്തുന്ന കൂപ്പുകൈയിൽ.
കരിയും നുകവും ചുമലിലേന്തും
കനിവുള്ള സ്വാമിക്കകമ്പടിയായ്
കുതികൊള്ളും കൂറ്റൻ്റെ കിങ്ങിണിയിൽ
കുളിർകൊള്ളുമാറെൻ്റെ പാട്ടു കേൾക്കാം.
ത്വരയിൽ വന്നുമ്മറത്തമറിനിന്നൊ-
ന്നെരിവെയിലാറവും കൃഷീവലൻ്റെ
നെറുക ചുംബിച്ചു ചുംബിച്ചു തൂങ്ങും
നിറകതിർത്തുമ്പിൽ ഞാനൂയലാടും.

വയൽവിട്ടു വയ്യിട്ടു വന്നണയും
ദയിതനെ നോക്കിപ്പടിക്കൽ നിന്നു
ഉഴവത്തി തൂവുന്ന പുഞ്ചിരിപ്പൊ-
ന്നൊളിയിൽക്കൊളുത്തും ഞാനന്തിദീപം.
ഉഴൽപെട്ടംമെയ്യുമായ് ശയ്യപൂകും
ഉഴവന്മർക്കൊള്ളും കൃതാർത്ഥതയിൽ
ധരപെററ നാകീയശാന്തിവാഴ്വിൽ
കതിരിട്ടുനില്ക്കുമെന്നാത്മധാമം.

# പുഴവിൻെറ കഴിവ്

ഉണ്ണിക്കിടാങ്ങളേ! നിങ്ങളാ വിൺതെളി-
ത്തിണ്ണയിൽനിന്നു ചിരിച്ചിടുന്നു
ചിന്നപ്പുഴ ഞാനിടെയിടെയെൻ കുളിർ-
ക്കുഞ്ഞിപ്പൂവെട്ടം തെളിച്ചിടുമ്പോൾ.
തങ്ങളിൽ. നിങ്ങളക്കണ്ണിറുക്കുന്നതിൻ
സംഗതിയെന്തെന്നെനിക്കറിയാം.
"ഇച്ചെളിക്കുണ്ടിൽ പൊലിഞ്ഞുപോകേയുള്ളി-
പ്പാഴ്ക്കൊള്ളിക്കീട"മെന്നല്ലി? കൊള്ളാം!
ഇങ്ങുനിന്നീയൊളിവീശി ഞാനത്തളിർ
ഞങ്ങണത്തുമ്പിലിഴഞ്ഞുകേറും,
ഞങ്ങണത്തുമ്പുവിട്ടക്കുറുമല്ലതൻ
കിങ്ങിണിത്തൊങ്ങലിൽ ചെന്നുചേരും
കിങ്ങിണിത്തൊങ്ങൽ വിട്ടമ്മരക്കൊമ്പിലെ
പൊന്നണിച്ചെപ്പിൽ പറന്നുപററും
പൊന്നണിച്ചെപ്പുവിട്ടാ നീലവാർനിറ
വിൺവിരിത്തട്ടിൽ കുതിച്ചുകേറും.

നിത്യസത്യത്തിൻെറയമ്മണിവേദിയിൽ
നിസ്തുലപ്രേമത്തിൻ പൂമടിയിൽ
നിന്നുചിരിക്കും ഞാൻ, നീളെച്ചാഞ്ചാട്ടും ഞാൻ
നിങ്ങൾ മിഴിച്ചിങ്ങു നോക്കിനില്ക്കെ

## "പോരണേ, പോരണേ!"

പാവങ്ങൾ! പാവങ്ങൾ! നീർപ്പോളകൾ, വെറും
പേമഴത്തുമ്പിൽക്കരുത്ത കുമിളകൾ!
എണ്മാറുമുററത്തൊത്തുങ്ങും ജഡമയ-
സാമ്രാജ്യഭാരം ചുമക്കും പ്രമാണികൾ!
ശൂന്യമാണുള്ളം! അറിയരുതക്കാര്യ-
മന്യർ അതിന്നൊരു പോംവഴിയെന്തുവാൻ?
കണ്ണുമഞ്ചിക്കുന്ന രാജതകഞ്ചുകം!
കുന്നിച്ചു കുന്നിച്ചുലാത്തൽ! മതി, മതി.
കേവലം രണ്ടു ഞൊടിക്കപ്പുറമില്ല
ജീവിതം, എന്തതി,ന്നുള്ളനേരംകൊണ്ടു
എത്തിപ്പിടിപെട്ടിളയസഹജരെ-
ക്കൊത്തിവിഴുങ്ങിത്തടിതടിപ്പിക്കതാൻ!
കൊച്ചുകാററന്തിയയച്ചു പാഴ്പുല്ലിന്റെ
പുച്ഛം പിടിപ്പിച്ചു ഗർവ്വമത്തീടിലും
സജ്ജരായ് ചുഴും നരപ്പടയോടൊത്തു
ദിഗ്ജയത്തിന്നു പുറപ്പെട്ടുകൊള്ളണം.

എത്രയേവം വൃഥാ വർഷശതങ്ങടെ
ഏട്ടനിറച്ചതോടൊപ്പം പൊലിഞ്ഞുപോയ്!
ഭേകങ്ങൾ കണ്ടിലിരുന്നു തോററൻപാട്ട-
പാട്ടുന്നു, പിന്നെയും പോരണേ പോരണേ!

## കരിയിടല്ലേ!

ജാണും മുഹമ്മദും ശങ്കരപ്പിള്ളയും
ഞാനുമയൽക്കാർ കൃഷീവലന്മാർ,
കൂട്ടുകാരായിക്കഴിയുകയാകുന്നു
നാട്ടിൻപുറത്തിങ്ങു പണ്ടുപണ്ടേ.
മുന്നേയളന്നു കല്ലിട്ടു തിരിച്ചുപോയ്
എന്നാലുമെങ്ങടെ കൊച്ചുപാടം
ഒന്നാണു, ജാതിമതഭിന്നത നില-
നിന്നാലുമീ ഞങ്ങളെന്നപോലെ.
മമ്മതിൻ പോത്തെ,ൻെറകാള, ജാണച്ചൻെറ
മൺവെട്ടി, പിള്ളേടെ ചെങ്കലപ്പ.
കള്ളമല്ലിന്നാലുമൊത്തുചേർന്നാലൊരു
കല്യാണവീടായക്കൊച്ചുപാടം.
ഞാനുഴം, ചുററും വരമ്പുകുത്തും പിള്ള,
ജാണും മുഹമ്മദും ഞാററടിക്കും;
ഞങ്ങളെ മന്ദോഷ്ണമാംകതിർക്കൈകളാൽ
ചിങ്ങക്കതിരോൻ തലോടിനില്ക്കും.

ജാണഴം, മമ്മതുവിത്തിട്ടം, പിള്ളയും
ഞാനും മുറയ്ക്കു ചെരിപ്പടിക്കും,
മീനവെയിൽ ചുട്ടും ഞങ്ങളെ മാങ്കനി–
ത്തുമണക്കാററുവന്നുമ്മവയ്ക്കും.
പാലത്തേയ്ക്കും പേറിയുച്ചയ്ക്കു ഞങ്ങടെ
പ്രാണാധിഭർത്ത്രിമാർ വന്നുചേർന്നാൽ
പാടക്കരയിൽ പരിശുദ്ധസ്സേഹത്തിൻ
പാലാഴിയൊന്നു പതഞ്ഞുപൊങ്ങും.
വെണ്മണലിൽ തടംതോണ്ടിയിലവച്ചു
കഞ്ഞിവിളമ്പും കുടുംബിനിമാർ
ഞങ്ങൾ കുടിക്കുമുരുമ്മിയിരുന്നത്തു
മമ്മതിൻ ന്തുറുവെടിക്കിടയിൽ
"പങ്കിടേണം കറി നാലും നമുക്കിന്നു"
ശങ്കരപ്പിള്ള ചിലപ്പൊഴോത്തും
ജാണും മുഹമ്മദും പിന്താങ്ങു,മപ്പൊഴേ
ഞാന,പ്രമേയം നടപ്പിലാക്കും.
തമ്മിൽക്കവിളത്തു നുള്ളിക്കിലുകിലെ
ധർമ്മദാരങ്ങൾ ചിരിക്കുമപ്പോൾ
തിങ്ങുമീയുത്സവം കണ്ടുകണ്ടെങ്ങടെ
തെങ്ങിൻതണലു നിലയ്ക്കുനിൽക്കും
പാടത്തുനിന്നു പിരിഞ്ഞാലുമന്തിയിൽ
കൂട്ടം കുളക്കരയിങ്കൽ ഞങ്ങൾ
പാടും, ഫലിതംപറയും, ചിരിയാല–
പ്പുഞ്ചാരമണ്ണിനു വെണ്മകൂട്ടും.

സൗഹൃദത്തിൻതെളിവിണ്ണിലേവം ഞങ്ങൾ
സന്തുഷ്ടരായ് വിഹരിക്കയാണ്;
പൊങ്ങും പുത്തൻജാതിനേതാക്കളേ,
നിങ്ങളിങ്ങെങ്ങും കരിയിടല്ലേ!

## കർമ്മഭൂമി

പാവങ്ങളാം ഞങ്ങൾ നാടനുഴവന്മാർ,
പാടമേ ഞങ്ങടെ കർമ്മഭൂമി,
പാരം തലച്ചൂററലുണ്ടാക്കിടും പ്രശ്ന-
ഭാരങ്ങളൊന്നുമവിടെയില്ല.
സാമ്പത്തികശാസ്ത്രവാദകോലാഹല-
ക്കമ്പക്കളിക്കു സമയമില്ല;
കാലേ വയററിലെക്കത്തലകററുവാൻ
കല്ലരിയുണ്ടാക്കലാണവിടെ.
ഭൂപടം വീണ്ടും പുതുക്കിവരയ്ക്കുവാൻ
ചായം ചമയ്ക്കലവിടെയില്ല.
ഭൂതസവിത്രിക്കു ചെമ്മു വളർത്തുന്ന
ഭൂതിയൊരുക്കാനേ നേരമുള്ളൂ.
മുത്താറു ഞങ്ങൾ തെളിക്കുന്ന ചാലിൽ തൂ-
മുത്തുവിതയ്ക്കുന്ന പെങ്ങൾമാർക്ക്
ആണ്മയോടേററു പടവെട്ടി മീളേണ്ടും
പെണ്മപ്പെരുമകളൊന്നുമില്ല.

മൺവെട്ടിക്കയ്യും കലപ്പത്തുമ്പും തൊട്ട-
പൊന്നുടയമ്പിരാനെത്തൊഴുതാൽ
പിന്നെ മതത്തിൻെറ പേർ ചൊല്ലി ഞങ്ങൾക്കു
ചെന്നിണം ചിന്തേണ്ട കാര്യമില്ല.
വേർപ്പുമെയ്ത് തമ്മിലുരുമ്മിയിരുന്നിളം
പോക്കഞ്ഞി മോന്തുമിപ്രാകൃതക്ക്
ഊക്കൻ സഹഭോജനപ്രസംഗത്തിൻെറ
ഉൾപ്പൊരുളെന്തെന്നറിഞ്ഞുകൂടാ.
പോരുമോ നിങ്ങളുമിക്കർമ്മഭൂമിയിൽ,-
പോരററതാം ധർമ്മക്ഷേത്രഭൂവിൽ-
പാടത്തിൽ—സർവ്വസാഹോദര്യസാധന-
പാഠംനടക്കും ഗുരുകുലത്തിൽ?

## പുഴയോട്

കൂസാതങ്ങനെ കുതികൊണ്ടോലുക
കുലമാമലയുടെ പൊന്മോളേ,
കുന്നലതല്ലിക്കുതിപ്പായുക
കൂവാരത്തിൻ പെണ്ണാളേ!
കൂനൻകല്ലു മറുത്തിട്ടും
കൂററൻപാറചെറുത്തിട്ടും
കുന്നിൻമുടിവിട്ടടിവാരത്തിനു
കുഞ്ഞുന്നാളേ പോന്നു നീ.
വീറൊട്ടു, താണനിലത്തിന്നു
വീര്യം പകരാൻ നീ പോന്നു;
കൂറിന്നുറവകൾ കുഞ്ഞിച്ചോലകൾ
കൂടെപ്പോന്നു തുണനൽകാൻ
വാഴത്തോപ്പിൽക്കുമ്പിട്ടു,
വാടിയിൽ നീളെപ്പൂവിട്ടു,
വയലിൽ തങ്കക്കതിരിട്ടങ്ങനെ
വരികല്ലേ നീ വനലക്ഷ്മീ!

കൂടക്കോഷ്ഠകൾ മേൽത്തട്ടിൽ
കുത്തകകൊണ്ടവയല്ലോ നീ
കൂലംതോറും താഴെത്തട്ടിനു
കുത്തിക്കോരി വിളമ്പുന്നു.
ചാരെക്കൊത്തുകിൻ കൊമ്പുത്തിൽ
നാറക്കുണ്ടു കലങ്ങുമ്പോൾ
തീരമിടിക്കുമൊഴുക്കുത്തോ-
ടീരത്തുമ്പു കയർക്കുമ്പോൾ,
കരനീരുകളിൽ കാൽവച്ചി-
കൈക്കെതകളങ്ങിങ്ങാടുമ്പോൾ
പൊരുതിവരും നിൻ പൊട്ടിച്ചിരിയിലു
പൊരുളില്ലാത്തവയല്ലല്ല.
കൂസാതങ്ങനെ കുതികൊണ്ടോലുക
കലമാമലയുടെ പെന്മോളേ,
കുന്നലതല്ലിക്കുത്തിപ്പായുക,
കൂവാരത്തിൻ പെണ്ണാളേ!

## 'കുരുക്കെന്നേ!'

'മാടത്തക്കള്ളേ, വാ, വാ, നീ
മാനത്തപ്പെണ്ണേ, വാ, വാ, നീ;
പാടത്തും കാവിലുമിക്കാലം
പാട്ടൊന്നു കേൾക്കാത്തതെന്താണോ?'

പാടാനാടാൻ നേരമില്ല
പണ്ടേപ്പോലുള്ള സൗഖ്യമില്ല;
കൂട്ടിന്നൊരു കുന്നൻ വന്നുകൂടി
കൂടിയതൊക്കെക്കുരുക്കെന്നേ!

തന്ത്രക്കാരനപ്പൂവാലൻ
മന്ത്രിച്ചെന്നെ മയക്കിയെന്നേ
കൊഞ്ചിക്കൊഞ്ചി വിളിച്ചെന്നേ
'കുഞ്ഞിക്കള്ളി, കുറുങ്ങണത്തീ'

ഞാനുമെന്നെ മറന്നേപോയ്
ഞായമൊക്കെപ്പറന്നേപോയ്

ഉച്ചച്ചോരനമ്മാരനൊത്തു
പച്ചക്കാട്ടിൽ ഞാന്തളിയിട്ടു.

തെന്നൽച്ചെക്കൻ നണക്കുട്ടി
തെച്ചിപ്പെണ്ണു തലയാട്ടി
കുളിമുല്ലയ്ക്കു ചിരിപൊട്ടി
കൂടിയതൊക്കെക്കൊരുക്കെന്നേ!

നാട്ടുകണ്ടു നളികൊണ്ടു
നാളുപോയതറിഞ്ഞില്ല,
'കൂട്ടുവേണം'—ഞാൻ മൂളി
കൂട്ടുകാരനു മനസ്സിലായി.

നാരുവേണം, പഞ്ഞിവേണം,
നല്ലമാമരപ്പൊത്തുവേണം,
കൂടലരില്ലാത്ത ദിക്കുവേണം,
കൂടിയതൊക്കെക്കൊരുക്കെന്നേ!

കൂടു തീർന്നു, കുറ തീർന്നു
കൂട്ടിൽ ഞാനും കുടിയിരുന്നു.
മഞ്ഞുവീണ മരക്കാവിൽ
മണ്ണിൽനിന്നു മണം പൊങ്ങി.

നൊന്തുനോററ ഞാനമ്മയായി
നോക്കി ഞാനെന്റെ തക്കിടിയെ
മഞ്ഞക്കണ്ണും മണിച്ചുണ്ടും!
തന്തക്കെല്ലാമെന്റോടമ്പോറവി!

ചിന്നച്ചിറകു ചിറഞ്ഞോണ്ടു,
പുന്നാരക്കൊക്കു തുറന്നോണ്ടു,
ഉച്ചംവച്ചു കരച്ചിലായി;
ഉണ്ണിപ്പറവയ്ക്കുണു വേണം!

പള്ളച്ചൂടു കൊടുത്തിട്ടും
വെള്ളം പേനമെടുത്തിട്ടും
ഉച്ചികീറും കീററലാണു്
ഉണ്ണിപ്പറവയ്ക്കുണു വേണം!

ചെമ്മാനത്തിൻെറ താഴത്തും
ചെന്തീവെയ്‌ലിൻെറ മാറത്തും
ഉണ്ണാത്തുറങ്ങാതോട്ടമാണു്
ഉണ്ണിപ്പറവയ്ക്കുണു വേണം!

പാടാനാടാൻ നേരമില്ല
പണ്ടേപ്പോലുള്ള സൗഖ്യമില്ല
കൂട്ടിന്നൊരുകന്നൻ വന്നാലോ
കൂടുന്നതൊക്കെക്കുരുക്കെന്നോ!

## എനിക്കു വയ്യാ!

പുരടമയരഥമേറിവന്നു
പുരുഹൂതസ്വാമി വിളിച്ചെന്നാലും
പരിഭവമദ്ദേഹം ചൊല്ലിയാലും
സുരനാട്ടിലേയ്ക്കു ഞാൻ പോകയില്ല.
ഗരുഡയാനന്റെ തീച്ചക്രമെന്നും
പൊരുളെന്നു നണ്ണി മതിമറന്നു
പ്രഭപെറും പൊന്മല മോളിലേറി
പ്രഭുതകാണിക്കാനെനിക്കുവയ്യാ.
കഴിവിന്റെനേർക്കു മിഴികൾ പൂട്ടി,
കിഴിവിന്റെനേർക്കു കരങ്ങൾ കൂപ്പി,
പതിതനധഃസ്ഥിതൻ നിന്നു കൂറും
നതിയിൽ ഞെളിയാനെനിക്കു വയ്യാ.
നിഴൽ തറപ്പാട്ടിൽപ്പതിച്ചിടാതെ,
പൊടി മെയ്യിൽ ചെറുമണിഞ്ഞിടാതെ,
ഒരു തുള്ളിവേർപ്പും പൊടിച്ചിടാതെ
അമൃതുണ്ണ—ലയ്യോ! എനിക്കു വയ്യാ.

കരുതിപ്പുഴക്കരെത്താഴക്കിൽ വന്നു
കൃമിയും വിശേഷവിഭവജാതം
കനൽവാ തുറന്നു കബളമാക്കി
കനിവു ഭാവിക്കാനെനിക്കു വയ്യ.
കളിമെത്തിൽ വാടാമലരു ചൂടി,
കഴിയാത്തൊരുൽപ്രമുഖത തേടി,
എഴുമവിടാതെ, തറതൊടാതെ,
എഴുന്നെള്ളാനേത്തുമെനിക്കു വയ്യാ.
മരതകമഞ്ജുമണിയറയിൽ
മലരണിമാന്തളിർമെത്തമീതിൽ
അനിമേഷസ്വപ്നനായ് നീണ്ടുനീണ്ടു
ദിനരാത്രം താങ്ങാനെനിക്കു വയ്യാ.

## ക്ഷേത്രത്തിൽ

മികവിലന്നേഴരക്കോഴി കിളിയൻെറ
മകളുടെ വേളി വിളിച്ചുചൊല്ലി.
പുതുമൂരക്കുരയിൽപ്പൂവിട്ടനീളമ-
പ്പുലമാടമാനന്ദപുളകമാർന്നു.
കിളിയൻ ചോദിക്കയായ് ദൈവത്താളോട്ട്, 'എടീ,
കുളികഴിഞ്ഞെത്തിയോ കുഞ്ഞിക്കുഞ്ഞു്?'
അവരം മൊഴി'ഞ്ഞെപ്പൊഴേ, യപ്പുറത്തപ്പച്ചി
അണിയിക്കലിൻെറ തക്യതി'യാണു്.'
കുറുമൻ തെളിഞ്ഞുപറ'ഞ്ഞിച്ചേച്ചിക്കൊരു
കുറുമല്ലിമാല ഞാൻ കെട്ടിയച്ചു.'
'കുറിയിടാൻ ചന്ദനം ഞാനാണരച്ചതു്'—
കുറയാതവകാശംപേശി കണ്ണൻ.
അഴകൻ കുതിച്ചു പറഞ്ഞെ'ൻെറിച്ചേച്ചീടെ
അഴകൊന്നുകൂടെ ഞാൻ ചെന്നുകാണും.'

കുളിർകൊണ്ടു മാതാവു ക്രുറിനാ'ളെന്തൊരു
കുരുന്നേരിക്കാരനിക്കൊച്ചുകള്ളൻ!'
തപരക്കുട്ടി കിളിയൻ:—'ഒരുങ്ങിക്കൊള്ളിൻ വെക്കം
വരുമല്ലോ മാപ്പിളക്കൂട്ടമിപ്പോൾ.'
അടിയന്ത്രമങ്ങു നടയിലാണോക്കുന്നോ?'
അളിയനു കുഞ്ഞോല താങ്ങുനിന്നു.

2

പുലരി കുലുങ്ങിക്കുലുങ്ങിയൊരായിരം
പുത്തമയുമായിച്ചിരിച്ചുവന്നു.
ഉരപെററൊരക്കൊച്ചുനാട്ടിൻപുറം തെളി-
ഞ്ഞുണർവിൻെറ വീചിയിലൂയലാടി.
'ഹരിമൂസ്സു കുഞ്ഞിച്ചെറുമിയെ വേൾക്കുന്ന
പരമോത്സവങ്ങളിൽ പങ്കുകൊള്ളിൻ!'—
പറവകൾ പാടി, യിളംകാററു മന്ത്രിച്ചു,
തരുനിരയൊത്തു തലകുലുക്കി.

3

അടിയാനെന്നില്ലാതെ, മേലാനെന്നില്ലാതെ
അകമഴിഞ്ഞകമഴിഞ്ഞാർത്തുകൂടി

നിരവച്ച നാട്ടാരാലമ്പലത്തിരുമുററ-
മൊരുകൊച്ചുപാലാഴിയായി മാറി.
മനയമ്മമാരുമകത്തമ്മമാരുമ-
മ്മണവാട്ടിയെച്ചൂഴ്ന്നങ്ങിനിരക്കെ
ബലിമണ്ഡപത്തിന്നിടത്തുഭാഗത്തു പൊ-
ന്നൊളിയിട്ട പുത്തൻ സഹസ്രദീപം.
വലത്തുപാർശ്വത്തിൽ പരിശുദ്ധസൗഹൃദ-
വലയിതനാ വരൻ നിന്നു മിന്നി.
സ്മൃവതകാട്ടം മാർഗ്ഗദീനപാളംപോലെ
നവതനീട്ടം നവനാമ്പുപോലെ.

ഇടവഴിത്താരയെക്കിക്കിളിക്രൂട്ടിക്കൊ-
ണ്ടടനൊരു കാറെറത്തിക്കാളമൂത്തി.
അതുലിതശോഭമിറങ്ങിനിന്നാർ മന്ദ-
മതിൽനിന്നു മൂന്നുപേർ മൂർത്തികൾപോൽ.
'ജേജേ, ദേവസ്വഭരണസമിതി കീ-
ജേ!' വിയദന്തമീ ജേവിളിയാൽ
മുഖരിതമാകെ, യവർ നതമൗലികൾ
മുഖഗോപുരാന്തമലങ്കരിച്ചാർ.

കതിനാമുഴക്കി മുഹൂർത്തമ, ങ്ങങ്ങ ദി-
ക്കമെനികൾ നീട്ടിക്കുരവയിട്ട.

മണിനാദം മറമൂടിപ്പോരുകംപോലെയെമ്പാട്ടു-
മന്നരണിച്ചന്നരണിച്ചാഞ്ഞുവീശി.
തരുണരവർ തമ്മിൽ വൈദികദത്തമാം
വരണമാല്യംചാത്തിയൊന്നുചേൻ.
മനമൊട്ടു മനമൊത്തു, മതിയൊട്ടു മതിയൊത്തു
മനയൊട്ടു മാടമലിഞ്ഞുചേൻ.

നെടുമംഗളാരവംപൊങ്ങും മഹാസഭാ-
നടുവിൽ ഭഗവൽസമക്ഷമപ്പോൾ
പ്രഭപെറുമൊരുപണക്കിഴിവച്ചു ദേവസ്വം-
പ്രസിഡൻറു താണുതൊഴുതുണത്തി:—
'ഉലകിതിന്നൊക്കെയുമമ്മയാമംബികേ,
അലിവിനുറവയാം തമ്പുരാട്ടീ!
വകതിരിവില്ലാതെ, പണ്ടുനിൻ ഭണ്ഡാര-
വകയൊട്ടഹോ! ഞങ്ങൾ ധൂത്തടിച്ചു.
അതു ചെയ്കയില്ലമേൽ, പ്രാപ്തരായിന്നു നി-
ന്നഭിമതമെന്തെന്നു കണ്ടറിവാൻ:
അനവധിപേരുണ്ടു കുഞ്ഞിയെപ്പോൽ വെറും
അടിമകൾ നിൻെറ കടക്കിടാങ്ങൾ,
അവരെ വളത്തണം, മനുജരായ് മാററണം,
അതിനു ഭണ്ഡാരമല്ലേത്തുമേകാൻ
തുനിവു നിനക്കുണ്ടു, താലിവിററാകിലും
തനയരെപ്പോററുന്ന തായ ഞായം.'

കിഴ[illegible]ന്റേ. Y P

കുലപതിയാശിസ്സരുളി[illegible]ന്നാൻ.

വടവിൽ വാടാവിളക്കങ്ങു തിരുമുമ്പിൽ
വളർകാന്തിവീശി വലംചുഴിഞ്ഞു
അഖിലമാതാവിന്റെ ചെഞ്ചൊടിത്തുമ്പിലൊ-
രമൃതൊളിപ്പുഞ്ചിരി സഞ്ചരിച്ചു.
അകലെക്കിഴക്കരെത്ത വിണ്ണിൻചരിവിൽനി-
ന്നരുമക്കരനിര നീട്ടിനീട്ടി,
പൃഥുമോദമൃഷിനാട്ടിൻ തിരുമെയ് തലോടിനാൻ
പൃഥ്വിയുടെ കാമുകൻ കർമ്മസാക്ഷി!

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M-A-10 *Acc. No.* 13480

This book should be returned on or before the date last stamped below.

24 NOV 1983

13436

MA-10

നാണു ഉപാദ്ധ്യായൻ;
ഗ്രാമീണഗീത